# എറണാകുളം മിസ്സം


# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 10 October 2025 Rs. 15/-






അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്
നാമഹേതുക തിരുനാൾ ആശംസകൾ!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 10 October 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സർക്കുലർ - സമുദായ ശക്തീകരണവർഷം

10. സർക്കുലർ - കെ.സി.ബി.സി
2025 മഹാജൂബിലി സമാപനം

13. കച്ചേരിക്കാര്യം
- Transfers and Appointments
- വൈദികരുടെ തുടർപരിശീലനം
- പുതുക്കിയ തിരുക്കർമ്മ നിരക്കുകൾ
- കപ്യാർമാരുടെ വേതനവർദ്ധനവ്

23. നിര്യാതയായി

28. Dept. of Archdiocesan Public Relations

29. വാർത്തകളും വിശേഷങ്ങളും

32. വിശ്വാസപരിശീലന കേന്ദ്രം

33. ഫാമിലി അപ്പോസ്റ്റലേറ്റ്

35. നൈപുണ്യ ഇന്റർനാഷണൽ

37. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

39. AICO

40. അതിരൂപതാ ഡയറി

41. ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom Town | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Kandathil Stephen, Malayattoor | 1941 | 1968 | 20-10-2023 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| Msgr. Thaliath Joseph, Puthenpally | 1915 | 1942 | 21-10-1996 |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Puthenpura George, Mevelloor | 1946 | 1971 | 22-10-2024 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

Prot. No. 0711/2025

## സർക്കുലർ
## സമുദായ ശക്തീകരണവർഷം - 2026

സീറോമലബാർസഭയുടെ
**മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്. സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർഥ്യങ്ങളല്ല. ലോകത്തിന്റെ മൂല്യക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണ് നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയശുശ്രൂഷകൾ പരികർമം ചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. ദൈവികപദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതിക ആവശ്യങ്ങളിലും അനുദിന ജീവിതമേഖലകളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വനിർവഹണത്തിന്റെ ഭാഗമായി, സീറോമലബാർ സഭാംഗങ്ങളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക പരിതസ്ഥിതിയെക്കുറിച്ചു യാഥാർഥ്യബോധത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻസിനഡ് 2026 സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണു സീറോമലബാർസഭയിൽ ഇപ്രകാരമൊരു വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർതലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലിക സമൂഹത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്നനിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയുംകുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ആഗസ്റ്റ് മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷികമേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗതലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമരംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം, സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണ് സമുദായ ശക്തീകരണ വർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നു തന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയസമൂഹത്തിന്റെ സാമൂഹികതലങ്ങളെ പ്രത്യേകമായി എടുത്തുകാണിക്കുന്നതിനും ഭൗതികമേഖലകളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസിലാക്കുമ്പോഴാണ് പൊതുസമൂഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കം കുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവികചിന്തയിലേക്കുവരാത്ത സാമൂഹ്യജീവിതസാഹചര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്ന വാക്കു ബോധപൂർവം ഉപയോഗിക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമക്രൈസ്തവസമൂഹ

ത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു നൻമ ചെയ്യാനുള്ള (ഗലാ 6:10) പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും ഭൗതീകമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയസാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈവരുന്നു.

സമുദായ ശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് സിനഡ് ഏല്പ്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാൻമാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എം.വൈ.എം., മിഷൻലീഗ്, ഡി.സി.എം.എസ് തുടങ്ങിയ സഭാതല അത്മായസംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരി-വ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ ഭാഗംതന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭഘട്ടം, പ്രായോഗികഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രാരംഭഘട്ടം ഇന്ന് ഈ സർക്കുലർ വായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർ മാസാവസാനംവരെയാണ് പ്രാരംഭഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായവിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അത് വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമർപ്പിത സമൂഹങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തങ്ങ

ളുടേതായ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി.എസ്.എം. തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായബോധവത്കരണത്തിനു സഹായകമാകത്തക്കവിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായ ശക്തീകരണ കർമപദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്തണം. ദീപിക, ഷെക്കേയ്നാ, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാമാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും ഈ ബോധവത്കരണ പ്രക്രിയയിൽ സജീവപങ്കാളികളാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുന്നാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പിലാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026-ൽത്തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം ചില കാര്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായശക്തീകരണപ്രവർത്തനങ്ങൾ ഈ ഒരു വർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026 ലെ വർഷാചരണം സമുദായശക്തീകരണത്തിന്റെ പ്രാരംഭനടപടിയും പ്രായോഗികപരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാളിന് വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണ പ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത

വികാരി ജനറാൾ ചെയർമാനായി രൂപതാതല സമുദായ ശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുമുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം. ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണ പ്രവർത്തനങ്ങൾക്കു അതാതു രൂപതകളിൽ നേതൃത്വം നല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയും ചെയ്യണം.

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യമെടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങിയെത്തിയ ഇസ്രായേൽ ജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക് ഓർക്കാം: “വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം” (2:17). നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോ വിഭാഗവും താന്താങ്ങളുടെ കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബകൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതകളിലും സമുദായത്തെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായ ശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവും മാർത്തോമാ ശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസഹായവും നമുക്കുവേണ്ടി പ്രാർഥിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് സെപ്റ്റംബർ മാസം 25-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

ഈ സർക്കുലർ 2025 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

---

No.: 4136/K-5/KCBC/OL/DS 13.09.2025

## 2025 മഹാജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം

**ഡിസംബർ 13, 2025**

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവ ജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025-ലെ സാധാരണജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

*Spes non confundit* ("പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല") എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലിവർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനെ എല്ലാകാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രത്യാശയോടെ പ്രതികരിക്കാൻ

വിശ്വാസം നമുക്ക് ഊർജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖംതിരിഞ്ഞുനില്ക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടു തന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭാഗ്യസ്മരണാനാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തന വിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാനസ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ 5:9). സമാധാന സ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അത് പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹികക്രമത്തിന് ക്രിസ്തീയ സമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്ക് പ്രത്യാശ പകരുന്നതിന് നമ്മുക്ക് കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ കാര്യമെന്ന നിലയിൽതന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്ക് സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർത്ഥാടകർ എന്ന നിലയിൽ ക്രൈസ്തവ സാന്നിധ്യത്തിന് കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്ക് കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാസൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ട് പോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. "നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര"മായി (ഹെബ്രാ 6:19) പ്രത്യാശയെ മുറുകെപിടിക്കാൻ നാം തയ്യാറാകണം.

പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3-നു റോമിൽ നടന്ന യുവജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തു

വിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

**ജൂബിലി സമാപനസമ്മേളനം**

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണത്തിന്റെ സമാപന സമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ച് നടക്കും. എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെതുടർന്ന് വൈദികർ, സന്യസ്തർ, അത്മായർ, യുവജനങ്ങൾ, വൈദികവിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹ ദിവ്യബലിയും തുടർന്നുള്ള സമാപന സമ്മേളനവും ഉൾപ്പെടെയുള്ള ജൂബിലിസമ്മേളനത്തിന്റെ കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്നതാണ്.

സന്യാസസമൂഹങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഇടവകകളിൽനിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ 31-നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണ താരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# കച്ചേരിക്കാര്യം

## 1) TRANSFERS AND APPOINTMENTS

The following priests are appointed/transferred. All appointments / transfers except those specifically mentioned otherwise, will come into effect on 27 September 2025.

| | | |
|---|---|---|
| 1. | Ainiyadan John | Puthuvassery |
| 2. | Bharanikulangara Augustine | Mookkannoor Forane |
| 3. | Bharanikulangara Kurian | Thabore |
| 4. | Chakiath Elias (Biju) | Anappara & Director, Priests' Home, Devagiri |
| 5. | Chalissery Anto | Alangad |
| 6. | Chethimattam Abraham (Ginu) | Martin Nagar |
| 7. | Chirackal Joseph (Joshy) | Chalil & Varanam |
| 8. | Chittilappilly Joseph (Melvin) | Relieved - Director, Holy Childhood |
| 9. | Cholikkara Jose | Aimury |
| 10. | Chully Paul | Pulluvazhy |
| 11. | Edassery Jose | Puthenpally |
| 12. | Edassery Varghese (Sr.) | Mangalapuzha |
| 13. | Edathiparamban Jibin RCJ | Relieved - Pathalam |
| 14. | Kachappilly Dominic | Amalapuram |
| 15. | Kachappilly George | Vathakkad |
| 16. | Kadalikkattil Paul (Disto) | Kuruppam - Priest-in-charge (Additional) |
| 17. | Kaiprampadan Jomon (Faridabad) | Asst. Vicar, Koratty Forane |
| 18. | Kaiprampadan Paul | Champannoor South & Evangelization Team Member |
| 19. | Kakkattuchira Thomas (Jimmichan John) | Kunnumpuram |
| 20. | Kalappurackal Sebastian | Valoor |
| 21. | Kalathil Antony (Faridabad) | Asst. Vicar, Kudavechoor |
| 22. | Kallarackal Sebastian (Jijo) | Chelamattom - Pro Vicar & Asst. Director, L.F. Hospital, Angamaly |
| 23. | Kallungal Sebastian (Sen) | Thrikkakara (L.F. Church) & Asst. Director, Bharata Mata College, Thrikkakara |

| | | |
|---|---|---|
| 24. | Kanamkudam George | Chaplain, MAJ Hospital, Edappally |
| 25. | Kandathil Thomas (Tomy) | Thycattussery |
| 26. | Karthanam Mathew (Jimmichan) | Kavaraparambu |
| 27. | Kattezhath Alex | Asokapuram |
| 28. | Kavalippadan Varkey (Jithin) | Relieved – Asst. Manager, Mar Louis Book Centre |
| 29. | Kidangan Kuriakose (Subin) | Vilangu |
| 30. | Kilukkan Chacko (Nithin) | Chendamangalam (Relieved - Asst. Executive Director, Naipunnya College, Cherthala) |
| 31. | Koikkara Peter (Shabu) | Karimugal & Ambalamedu |
| 32. | Kolenchery Paul | Josepuram |
| 33. | Koluthuvally Raphael (Jaison) | Chittanad |
| 34. | Koovely Johnson | Evangelization Team Member (Additional) |
| 35. | Kottakkal Paul (Jr.) | North Thuravoor |
| 36. | Kottoor Jose (Freddy) | Director, Holy Childhood (Additional) |
| 37. | Kozhuvallil Varkey (Sanju) | Kollakode |
| 38. | Kumbalath Sebin CMI | Asst. Vicar, Alangad |
| 39. | Kurisingal Francis (Nibin) | Kadamakkudy & Asst. Director, Media and Communications (Pilgrims Communications) |
| 40. | Madassery Paul (Sr.) | Kottamam |
| 41. | Madassery Sebastian | Vallam Forane |
| 42. | Madathil Joseph (Christy) | Asst. Director, Naipunnya International, L.F. Campus, Angamaly (Additional) |
| 43. | Maippan Thomas (Ancil) | Kodamthuruth - Pro Vicar & Asst. Executive Director, Naipunnya College, Cherthala |
| 44. | Makkiyil Sabu ALCP/OSS | Relieved - Cherukadappuram |
| 45. | Manayampilly Sebastian (Sibin) | South Thuravoor & Director, St. Joseph ITI, Thuravoor (Additional) |
| 46. | Mangalassery Thomas | Udayanapuram |
| 47. | Mangalath Antony VC | Achinakom |
| 48. | Manikath Varghese | Attara |
| 49. | Maniparambil Basil OFM Cap. | Chethicode |
| 50. | Manjaly Sebastian (Sony) | Good Shepherd Major Seminary, Kunnoth (w.e.f. 26/07/2025) |

| | | |
|---|---|---|
| 51. | Marottikudy Hormis (Shaju) | Principal, Matha Nagar Public School (Residence at Sahrudaya) |
| 52. | Moonjely Paul | Thirumudikkunnu |
| 53. | Mukalayil Abraham VC | Edayazham |
| 54. | Mundadan Tharian | Njalookkara |
| 55. | Nangelimalil Thomas | Relieved - Puthuvassery |
| 56. | Nazhiyampara Sebastian | Pazhanganad |
| 57. | Odanadan Stany RCJ | Devagiri |
| 58. | Odanattu Raphael (Amal) | Yordhanapuram |
| 59. | Oliapurath Jose | Relieved - Chief Editor, Vachanadhara |
| 60. | Padayattil Peter (Sajo) | Cardinal Nagar (Relieved - Asst. Exe. Director, Bharata Mata Commerce & Arts College, Choondy) |
| 61. | Padinjare Kannanthara Thomas CMI | Asst. Vicar, Kalamassery |
| 62. | Painumkal Varghese | Chempu |
| 63. | Palathinkal Martin (Jerin) | Asst. Director, Naipunnya International, Renewal Centre (Additional) |
| 64. | Palatty Stephen (Benny) | Asst. Director, Naipunnya International, Thrikkakara (Additional), Relieved - Corporate Educational Agency |
| 65. | Palatty Varghese (Jr.) | Chakkaraparambu & Asst. Manager, Corporate Educational Agency |
| 66. | Pallickal Jacob | Muringoor |
| 67. | Pallipatt Joseph (Jinu) | Cherukadappuram |
| 68. | Parackal Antony (Subin) | Chemmanathukara |
| 69. | Parappuram Jose | Retired - Santhome Bhavan, Pothy |
| 70. | Paravara Antony | Nadel, Orslem & Vaikom Town |
| 71. | Parecattil Sebastian (Benny) | South Paravur & Kattikunnu |
| 72. | Pathadan Joseph (Bibin) | Chief Editor, Vachanadhara (Additional) (Relieved - Njalookkara) |
| 73. | Pereppadan Paulson | Kaitharam & Asst. Director, L.F. Hospital Annex, Koonammavu |
| 74. | Perumayan Mathew | Relieved - Malayattoor Resident |
| 75. | Pollayil Jose | Meloor |
| 76. | Ponthempilly Varghese (Baiju) | Joint Director, L.F. Hospital, Angamaly |
| 77. | Pottoly Sebastian | Thottuva (Relieved - Naipunnya International) |
| 78. | Punchaputhussery Basil | Medical Leave |

| | | |
|---|---|---|
| 79. | Puthenparambil George (Siby) | Matha Nagar (Additional) |
| 80. | Punnakkal Varghese | Vellarappally South |
| 81. | Purayidam Sebastian VC | Relieved - Naduthuruth |
| 82. | Puthenpurackal Varghese (Sherin) | Asst. Manager - Mar Louis Book Centre (Additional) |
| 83. | Puthiaparambil Antony | Associate Director, Welfare Services Ernakulam-WSE (Sahrudaya, Ponnurunni) |
| 84. | Puthiyedath Jose | Director, Snehasusrooshalayam, Chittoor (Additional) |
| 85. | Puthussery Joseph (Sanu) | Puthencruz & Joint Director, Evangelization and Bible Apostolate |
| 86. | Thaliyan Jithin RCJ | Pathalam (Thadeuspuram) |
| 87. | Theckanath John | Relieved - Josepuram |
| 88. | Theckanath Sebastian | Naduthuruth & North Regional Co-ordinator - Prison Ministry of India |
| 89. | Thekkudan Johnson CMI | Chengamanad |
| 90. | Thekkumthala Joseph | Retired, Priests' Home, Edakkunnu |
| 91. | Thottakkara Hormis | Kavil |
| 92. | Thottankara Jophy | Periyarmugham (Relieved - Naipunnya International) |
| 93. | Thottiyil James | Relieved - Asst. Director, Media and Communications (Pilgrims Communications) |
| 94. | Thyparambil Antony (John) | Kolengai |
| 95. | Uppani Jose | Ministry in Chicago Diocese |
| 96. | Vattathara John | Pallamthuruth |
| 97. | Vazhappilly Sebastian | Relieved - Valoor |
| 98. | Veliyath Antony MSC | Asst. Vicar, Palarivattom |
| 99. | Veliyil Antony (Riju) | Prasannapuram & Asst. Director, Dept. of Family Apostolate (Conti.) (Relieved - Naipunnya International) |
| 100. | Vellarackal Paul | Pothy & Director, Santhom Bhavan |

**✠Archbishop Joseph Pamplany**
*Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly*

## 2) വൈദികർക്ക് വേണ്ടിയുള്ള തുടർപരിശീലനം

വൈദികർക്ക് വേണ്ടിയുള്ള തുടർപരിശീലന പരിപാടിയുടെ ഭാഗമായി 2025 നവംബർ മാസത്തിൽ രണ്ട് പ്രോഗ്രാമുകൾ **ചുണങ്ങംവേലി നിവേദിത**യിൽ നടത്തപ്പെടുന്നു. 'Florentia' എന്ന ഈ പ്രോഗ്രാമിന്റെ വിശദവിവരങ്ങളും പങ്കെടുക്കേണ്ട വൈദികരുടെ പേരുകളും താഴെ ചേർക്കുന്നു. ഫാ. മാർട്ടിൻ കല്ലുങ്കൽ, ഫാ. ജോർജ് തേലേക്കാട്ട്, ഫാ. ജോസഫ് തേക്കിനേടത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു കമ്മറ്റിയാണ് തുടർപരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിശീലന പരിപാടി ആദ്യ ദിവസം രാവിലെ 9.30-ന് ആരംഭിച്ച് പിറ്റേന്ന് വൈകിട്ട് 4.00 മണിക്ക് അവസാനിക്കുന്നു.

**Batch 1, November 4, 5**
**(Tuesday & Wednesday)**

1. Appadan Antony (Akhil)
2. Edassery Antony (Akhil)
3. Menachery Varghese (Akhil)
4. Pozholiparambil Jacob (Jeff)
5. Thettayil Antony (John Paul)
6. Alakkadan Peter
7. Kallookadan Michael (Bagio)
8. Kurisingal Mathew (Jeril)
9. Mulavarickal Joseph (Don)
10. Naduparambil Mathew (Anson)
11. Padayatty Antony (Nikhil)
12. Vazhappilly Thomas (Robin)
13. Kaliyankara Varghese (Alan)
14. Mampuzhakal James (Sachin)
15. Njanakkal Joseph (Jins)
16. Periyappadan Augustine (Amal)
17. Thanippilly Antony
18. Keezhathara Varghese (Alvin)
19. Kuriyedan Joseph (Lijo)
20. Manickathan Varghese (Dinto)
21. Thejus Alexis (Alex)
22. Ambalathil James
23. Injacka Palatty Joseph (Berlin)
24. Karedan Antony (Solomon)
25. Malamel Antony (Nikhil)
26. Mechery Joseph
27. Parecattil Yohanan
28. Thadikkaren Thomas (Tom Leo)
29. Valliyara Joseph (Stephin)

**Batch 2, November 26, 27**
**(Wednesday & Thursday)**

1. Arampilly Paul (Jismon)
2. Kottoor Jose (Freddy)
3. Panatt Xavier (Binoy)
4. Therully Thomas (Arun)
5. Thettayil Jacob (Jeslin)
6. Edassery Antony (Ebin)
7. Kattakkakathoottu Antony (Bony)
8. Maliakal Varkey (Athul)
9. Mulavarickal Ouseph (Nikhil)
10. Njavarakkattu Augustine (Jithin)
11. Palachuvattil Cyril (Jence)
12. Pallippattu Paul (Nikhil)
13. Koovely Varghese (Sujith)
14. Mavely Poulose (Gifin)
15. Pallippadan Poulose (Akhil)
16. Puthussery Varghese (Able)
17. Vazhayil George (Tojo)
18. Koikkara Varghese (Saneesh)
19. Kunnekkadan Joseph (Cyril)
20. Palackal John (Cyril)
21. Vellanjiyil Antony (Albin)
22. Chavalekkad Joseph Rojin
23. Kalappurackal Sany (Aljo)
24. Karikunnel Josepaul (Albin)
25. Madavana Devassykutty (Sherin)
26. Moolan Antony (Delvin)
27. Mulavarickal Varghese (Vinu)
28. Puthussery Raphael (Rince)
29. Vembilly Joseph

## 3) പുതുക്കിയ തിരുക്കർമ്മ നിരക്കുകൾ (2025 നവംബർ)

2024 ഡിസംബർ 5-ലെ കെ.സി.ബി.സി. തീരുമാനത്തിന്റെയും 2025 ജനുവരി 23-ലെ എറണാകുളം-അങ്കമാലി അതിരൂപതയുടെയും സാമന്തരൂപതകളുടെയും മിറ്റിംഗിലെ തീരുമാനങ്ങളുടെ വെളിച്ചത്തിലും 2025 സെപ്റ്റംബർ 17-ന് കൂടിയ അതിരൂപതാ വൈദികസമിതിയിലെ ചർച്ചകളുടെയും മറ്റു അനുബന്ധ ആശയവിനിമയങ്ങളുടെയും വെളിച്ചത്തിലും നമ്മുടെ അതിരൂപതയിലെ പുതുക്കിയ തിരുക്കർമ്മനിരക്കുകൾ ഇതിനാൽ അറിയിക്കുന്നു. പുതുക്കിയ വിശുദ്ധ കുർബാന ധർമ്മങ്ങൾ നേരത്തെ നിലവിൽവന്നതാണല്ലോ. മറ്റു നിരക്കുകളും **2025 നവംബർ 1** മുതൽ താഴെ പറയുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

| തിരുക്കർമ്മം | ധർമ്മം | കാർമ്മി | സഹകാർമ്മി | കപ്യാർ | ഗായകർ | പള്ളി |
|---|---|---|---|---|---|---|
| ഒറ്റക്കുർബാന | 150 | | | | | |
| ആഘോഷമായ കുർബാന | 250 | 180 | | 25 | 25 | 20 |
| റാസ കുർബാന | 1500 +TA | 300 | 200 X 3 | 200 | 200 | 200 |
| ഗ്രിഗോരിയൻ കുർബാന | 7500 | | | | | |
| അന്നിദ | 10 | | | | | |
| ഒപ്പീസ് (പള്ളിയിൽ) | 30 | 15 | | 8 | | 7 |
| ഒപ്പീസ് (സെമിത്തേരിയിൽ) | 50 | 30 | | 10 | | 10 |
| വലിയ ഒപ്പീസ് | 100 | 50 | | 20 | 20 | 10 |
| ലെദീഞ്ഞ് | 100 | 50 | | 20 | 20 | 10 |
| നൊവേന | 100 | 50 | | 20 | 20 | 10 |
| സ്തോത്രഗീതം | 100 | 50 | | 20 | 20 | 10 |
| സമർപ്പണം (അടിമ) | 20 | 10 | | 5 | | 5 |
| മൃതദേഹസംസ്കാരം | 300 | | | 300 | | |
| ചാത്തം/മന്ത്ര (വീട്ടിൽ) | 200 | 100 | | 50 | | 50 |
| തിരിപ്പണം (വികാരിക്കുമാത്രം) | 200 | 200 | | | | |
| തിരുനാൾ കൊടിയേറ്റ് | 500 +TA | | | | | |
| ആഘോഷമായ തിരുനാൾ പ്രദക്ഷിണം | 500 +TA | | | | | |
| സാധാരണ തിരുനാൾ പ്രദക്ഷിണം | 500 | | | | | |
| തിരുനാൾ പ്രസംഗം | Only TA | | | | | |

- **ആത്മകാര്യം ഒറ്റക്കുർബാന/പാട്ടുകുർബാന:**
  സാധാരണ നിരക്കിനേക്കാൾ **50** ശതമാനം കൂടുതൽ ഈടാക്കാം.

- **ആത്മകാര്യം/എൻഡോവ്മെന്റുകൾ**
  ഏറ്റവും കുറഞ്ഞ നിരക്ക് **5000** രൂപ. നിക്ഷേപിക്കുന്ന തുകയുടെ പലിശയിൽനിന്ന് ആത്മകാര്യം തിരുക്കർമങ്ങൾ നടത്തേണ്ടതാണ്. നിയോഗത്തിന്റെ പരമാവധി കാലാവധിയായ 25 വർഷത്തിനുശേഷം ഈ തുക വൈദികക്ഷേമനിധിയിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

- **തിരുനാളിനോടനുബന്ധിച്ചുള്ള വിശേഷാൽ ശുശ്രൂഷകൾ:**
  തിരുനാൾ ദിനത്തിലെ (കൊടിയേറ്റ്, പ്രസുദേന്തി വാഴ്ച, വേസ്പര, തിരുനാൾ) വിശേഷാൽ ശുശ്രൂഷകൾ പരിഗണിച്ച് ദിവസം ഒന്നിന് വികാരി, അസിസ്തേന്തി എന്നിവർക്കു **750** രൂപ വീതവും, ദേവാലയ ശുശ്രൂഷിക്ക് **500** രൂപ വീതവും, പള്ളി ജോലിക്കാർ ഓരോരുത്തർക്കും **200** രൂപ വീതവും അലവൻസായി നല്കണം. മൂന്ന് ദിവസത്തെ തിരുനാൾ ആണെങ്കിൽ പാട്ടുകാർക്ക് തിരുനാളിനു മൊത്തമായി **1500** രൂപയും (നാല് ദിവസമാണെങ്കിൽ 2000 രൂപയും) ക്വയർ ഫണ്ടിലേക്കു നല്കേണ്ടതാണ്.

  വലിയ തിരുനാളിനോടനുബന്ധിച്ചുള്ള നൊവേന ദിവസങ്ങൾക്ക് ദിവസം തോറും **200** രൂപ കപ്യാർക്കും, **200** രൂപ ക്വയറിനും നൽകേണ്ടതാണ്.

- **പ്രത്യേക ശുശ്രൂഷാ ദിനങ്ങൾ**
  നവവത്സരാരംഭം (പാതിരാ കുർബാനയുള്ളിടത്ത്), വിഭൂതി, വാർഷിക ധ്യാനം, പന്ത്രണ്ട് മണിക്കുർ ആരാധന, നാൽപതു മണിക്കൂർ ആരാധന (ഓരോ ദിവസവും), പൊതുവായ ആദ്യകുർബ്ബാന സ്വീകരണം, തിരുപ്പട്ടം, വ്രതവാഗ്ദാനം, ആണ്ടുവട്ടത്തിലെ പ്രധാന തിരുനാളുകൾ, സകല മരിച്ചവരുടെയും ഓർമ്മ എന്നീ ദിവസങ്ങളിൽ ദേവാലയ ശുശ്രൂഷിക്ക് **500** രൂപ വീതം പ്രത്യേകം നൽകേണ്ടതാണ്.

- **പതിവു സമയത്തിനു പുറമെയുള്ള തിരുക്കർമ്മങ്ങൾ:**
  പള്ളിയിൽ പൊതുവായി നിശ്ചയിച്ചിരിക്കുന്ന സമയത്തിന് പുറമെ പ്രത്യേക ആവശ്യപ്രകാരം നടത്തുന്ന മാമ്മോദീസ, വിവാഹം, ആദ്യകുർബാന സ്വീകരണം, ചരമദിനാചരണം തുടങ്ങിയ തിരുക്കർമങ്ങൾക്ക് കുർബാനയോടുകൂടിയാണെങ്കിൽ ഫുൾ ടൈം ദേവാലയ ശുശ്രൂഷിക്ക് **300** രൂപയും പാർട്ട് ടൈം ദേവാലയ ശുശ്രൂഷിക്ക് **400** രൂപയും കുർബാനയോടുകൂടിയല്ലെങ്കിൽ ഫുൾ ടൈം ദേവാലയ ശുശ്രൂഷിക്ക് **200** രൂപയും പാർട്ട് ടൈം ദേവാലയ ശുശ്രൂഷിക്ക് **300** രൂപയും നൽകേണ്ടതാണ്.

- **സ്ഥിരതാമസമില്ലാത്ത പള്ളികളിലെ ശുശ്രൂഷയ്ക്ക് വൈദികർക്കുള്ള പ്രതിമാസ അലവൻസ്:**

| | |
|---|---|
| ആഴ്ചയിൽ ഒരു കുർബാന | **- 2000 രൂപ** |
| രണ്ടു കുർബാന | **- 2500 രൂപ** |
| മൂന്ന് കുർബാന | **- 3000 രൂപ** |

**NB :** ആഴ്ചയിൽ മൂന്ന് കുർബാനയിൽ കൂടുതലുണ്ടെങ്കിൽ ഓരോ കുർബാനയ്ക്കും **500** രൂപ വീതം പ്രതിമാസം കൂടുതൽ നൽകേണ്ടതാണ്.

- **അന്നീദ പണം (കസ്തൂരി പണം)**
  മരിച്ചവരുടെ ഓർമദിനങ്ങളിൽ സ്വീകരിക്കുന്ന കസ്തുരി പണം മരിച്ചവർക്കുവേണ്ടി തിരുക്കർമ്മങ്ങൾ (അന്നീദ, ഒപ്പീസ്, വി. കുർബാന) അനുഷ്ഠിക്കുന്നതിനായി മാത്രം ഉപയോഗിക്കേണ്ടതാണ്. അത് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടുള്ളതല്ല.

## 4) കപ്യാർമാരുടെ വേതനവർദ്ധനവ്

കപ്യാർമാരുടെ അടിസ്ഥാന പ്രതിമാസ വേതനം താഴെപറയുന്നതായിരിക്കും.

| | |
|---|---|
| ഫുൾടൈം | **- പന്തീരായിരം (12,000) രൂപ** |
| പാർട്ട് ടൈം | **- ഒമ്പതിനായിരം (9,000) രൂപ** |

ഈ വർദ്ധനവ് **2025 നവംബർ 1 മുതൽ** പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

**ദേവാലയശുശ്രൂഷികളുടെ സേവന-വേതന വ്യവസ്ഥകളും നിർദ്ദേശങ്ങളും:**

(*എറണാകുളം മിസ്സം 2008*, സെപ്റ്റംബർ മാസത്തിലും (പേജ് 408-413), 2016 നവംബർ മാസത്തിലും (പേജ് 20-25) പ്രസിദ്ധീകരിച്ചത്, ആവശ്യമായ മാറ്റങ്ങളോടെ പുനഃപ്രസിദ്ധീകരിക്കുന്നു)

1. **മറ്റാനുകൂല്യങ്ങൾ:** ക്ഷേമനിധി, റിട്ടയർമെന്റ് ബനഫിറ്റ്, മെഡിക്കൽ ഇൻഷുറൻസ് വിഹിതം എന്നിവ മുൻകാലങ്ങളിലേതുപോലെ തുടരുന്നതാണ്.
2. **വസ്ത്രധാരണ രീതി:** അൾത്താര ശുശ്രൂഷയ്ക്ക് മാന്യമായ വസ്ത്രധാരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. അവരുടെ ഡ്രസ്സ് കോഡ് വെളുത്ത മുണ്ടും വെള്ള ഷർട്ടും/കറുത്ത പാന്റ്സും വെള്ള ഷർട്ടും

ആയിരിക്കും. ക്രിസ്മസിനോടനുബന്ധിച്ച് ഒരു ജോഡി യൂണിഫോമോ അതിനുള്ള പണമോ ഇടവക പള്ളിയിൽനിന്നും അവർക്ക് നൽകേണ്ട താണ്.

3. **ക്രിസ്മസ് & ഈസ്റ്റർ അലവൻസ്**

ക്രിസ്മസ്, ഈസ്റ്റർ എന്നീ അവസരങ്ങളിലെ കപ്യാർമാരുടെ ശുശ്രൂഷകൾ പരിഗണിച്ച്, അവർക്ക് ഒരു മാസത്തെ ശമ്പളത്തിന്റെ പകുതി വീതം പ്രത്യേക അലവൻസായി നൽകേണ്ടതാണ്. ഇങ്ങനെ നൽകുന്നതിനാൽ ആ ദിനങ്ങൾക്ക് പ്രത്യേക ദിനങ്ങൾക്കുള്ള അല വൻസ് വീണ്ടും കൊടുക്കേണ്ടതില്ല.

4. **പ്രത്യേക അലവൻസ്**

മേൽപറഞ്ഞ അടിസ്ഥാന വേതനത്തിനു പുറമെ കപ്യാരുടെ ജോലി ഭാരവും ഇടവകയുടെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് കൂടുതൽ അലവൻസ് കപ്യാർക്ക് നൽകണമെന്നുണ്ടെങ്കിൽ ആ കാര്യം ഇടവക പ്രതിനിധിയോഗത്തിൽ ചർച്ച ചെയ്ത് അതിരൂപതാക്കച്ചേരി യുടെ അനുവാദത്തോടെ നടപ്പിലാക്കാവുന്നതാണ്. എന്നാൽ, കൂടുത ലായി നൽകുന്ന പ്രസ്തുത അലവൻസിന് ആനുകൂല്യങ്ങൾ ഉണ്ടായിരി ക്കുന്നതല്ല.

## ദേവാലയ ശുശ്രൂഷികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

1. **ദേവാലയശുശ്രൂഷി**

തിരുക്കർമ്മാദികൾ നടത്തുന്നതിന് വൈദികനെ സഹായിക്കാൻ വിശ്വാസ തീക്ഷ്ണതയും ആദ്ധ്യാത്മിക ചൈതന്യവുമുള്ള അല്മായരെ തിരഞ്ഞെടുത്ത് ഇടവക പ്രതിനിധിയോഗവുമായി ആലോചിച്ചശേഷം അതിരൂപതാക്കച്ചേരിയുടെ രേഖാമൂലമുള്ള അറിവോടെ ഇടവക വികാരി പ്രത്യേകം നിയമിക്കുന്ന വ്യക്തിയാണ് ദേവാലയശുശ്രൂഷി.

2. **യോഗ്യതകൾ**

വിവേകവും സ്വഭാവശുദ്ധിയും സഭയുടെ വിശ്വാസ-ധാർമ്മിക പഠനങ്ങ ളിലുള്ള ആഴമായ ബോധ്യവും വിശ്വാസതീക്ഷ്ണതയുള്ള ജീവിതവും ആരാധനക്രമസംബന്ധമായ പ്രായോഗികപരിചയവും ഉള്ള ആളായി രിക്കണം ദേവാലയശുശ്രൂഷി.

18 മുതൽ 65 വയസ്സുവരെയായിരിക്കും ദേവാലയശുശ്രൂഷിയുടെ പ്രായ പരിധി. പൊതുയോഗം/പ്രതിനിധിയോഗം തീരുമാനിച്ചാൽ 70 വയസ്സു വരെ സർവീസിൽ തുടരാൻ അനുവദിക്കാവുന്നതാണ്. എന്നാൽ, ഈ കാലഘട്ടത്തിൽ ഇൻക്രിമെന്റ്, ഗ്രാറ്റുവിറ്റി, വേതനവർദ്ധനവ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

പക്വമായ വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം. അൾത്താരയുടെ പരിശുദ്ധിക്ക് നിരക്കാത്ത ഒരു പെരുമാറ്റവും അൾത്താര ശുശ്രൂഷിയിൽനിന്ന് ഉണ്ടാകരുത് (പ്രത്യകമായി, ദേവാലയശുശ്രൂഷികൾ ഒരു കാരണവശാലും മദ്യപാനികളായിരിക്കാൻ പാടില്ല).

## തിരുക്കർമ്മങ്ങളോടു ബന്ധപ്പെട്ട ചുമതലകൾ

1. എല്ലാ ദിവസവും രാവിലെ (ഓരോ സ്ഥലത്തെയും പതിവനുസരിച്ച്) കുരിശുമണി അടിച്ച്, പള്ളിതുറന്നതിനുശേഷം കുറച്ചു സമയം വ്യക്തിപരമായി പ്രാർത്ഥിക്കുക. തുടർന്ന്, ദിവ്യബലിക്കുള്ള ഒരുക്കങ്ങൾ ചെയ്യുക.
2. തിരുക്കർമ്മങ്ങളിൽ മുഴുവൻ സമയവും സംബന്ധിച്ച് ദേവാലയശുശ്രൂഷി മദ്ബഹായ്ക്കു സമീപം നിർബന്ധമായും ഉണ്ടായിരിക്കണം.
3. ഓരോ ഇടവകയിലെയും തിരുനാളുകൾ, നൊവേനകൾ, ത്രിദിനാപേക്ഷ, മറ്റു തിരുക്കർമ്മങ്ങൾ എന്നിവ സംബന്ധിച്ച പതിവുകളും നടപടിക്രമങ്ങളും സമയാസമയങ്ങളിൽ വികാരിയച്ചനെ ഓർമ്മിപ്പിക്കുക.
4. വീടുകളിൽ നടത്തേണ്ട പുലയടിയന്തിരം, ശ്രാദ്ധം തുടങ്ങിയവയ്ക്കുള്ള ക്രമീകരണങ്ങൾ വീടുകളിൽ നടത്തുകയും ലഭിക്കുന്ന സ്തോത്ര കാഴ്ച വികാരിയച്ചനെ ഏല്പിക്കുകയും ചെയ്യണം.
5. രോഗീലേപനം കൊടുക്കാൻ വികാരിയച്ചൻ വീടുകളിലോ ആശുപത്രികളിലോ പോകുമ്പോൾ വികാരിയച്ചനെ സഹായിക്കാൻ സദാ സംലഭ്യനായിരിക്കുക.

## പൊതുവായ ചുമതലകൾ

1. ദേവാലയ വാതിലുകൾ, ജനലുകൾ എന്നിവ തുറന്നിടുന്ന കാര്യത്തിലും അടയ്ക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധ ചെലുത്തണം.
2. പള്ളിയകവും പരിസരവും സങ്കീർത്തിയും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിൽ താല്പര്യമെടുക്കണം.
3. തിരുക്കർമ്മങ്ങളോടു ബന്ധപ്പെട്ട തിരുപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ എന്നിവ വൃത്തിയായും, ശുചിയായും സൂക്ഷിക്കുക. മെഴുകുതിരിസ്റ്റാന്റുകൾ വൃത്തിയാക്കുക.
4. വൈകുന്നേരങ്ങളിൽ കുരിശുമണിയടിച്ച്, വികാരിയച്ചനോടൊപ്പം കൊന്ത ചൊല്ലിയശേഷം പള്ളിപൂട്ടി പള്ളിയുടെയും സക്രാരിയുടെയും താക്കോൽ വികാരിയച്ചനെ ഏല്പിക്കുക.
5. തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ അതിനാവശ്യമായ ക്രമീകരണങ്ങൾ അൾത്താരയിലും പള്ളിയിലും ചെയ്തിരിക്കണം. തിരുക്കർമ്മങ്ങൾക്കിടയിൽ ക്രമീകരണങ്ങൾ നടത്താൻ ശ്രമിക്കുന്നത് തിരുക്കർമ്മങ്ങളിലുള്ള ഏകാഗ്രത നഷ്ടപ്പെടുത്തും.

6. അടുത്ത ദിവസത്തെ തിരുക്കർമ്മങ്ങളെയും, പരിപാടികളെയും കുറിച്ച് വികാരിയച്ചനോട് വിശദമായി ചോദിച്ചറിയേണ്ടതാണ്.
7. ദേവാലയശുശ്രൂഷിക്ക് വിഹിതം ലഭിക്കേണ്ട തിരുക്കർമ്മങ്ങളെക്കുറിച്ചുള്ള അതിരൂപത നിർദ്ദേശങ്ങൾ വികാരിയച്ചനിൽനിന്നും ചോദിച്ചറിയേണ്ടതും പ്രസ്തുത തിരുക്കർമ്മങ്ങൾക്കുകിട്ടേണ്ട വിഹിതം സ്വയം എഴുതി സൂക്ഷിച്ച് മാസാവസാനം വികാരിയച്ചനിൽനിന്നും കൈപ്പറ്റേണ്ടതുമാണ്.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

---

# നിര്യാതരായി

## ഫാ. മാത്യു മംഗലത്ത്



**ജനനം: 10/06/1946**
**തിരുപ്പട്ടം: 25/03/1972**
**മരണം: 01/09/2025**

ബഹുമാനപ്പെട്ട മാത്യു മംഗലത്ത് അച്ചൻ 1946 ജൂൺ 10-ാം തീയതി തൈക്കാട്ടുശ്ശേരി മംഗലത്ത് കുര്യൻ-റോസക്കുട്ടി ദമ്പതികളുടെ ഏഴു മക്കളിൽ ഒരാളായി ജനിച്ചു. ലീലാമ്മ, വർഗീസ്, മറിയാമ്മ, ചിന്നമ്മ, തങ്കച്ചൻ, ആന്റണി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, കാർമ്മൽഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ച് വൈദികപരിശീലനം പൂർത്തിയാക്കി 1972 മാർച്ച് 25-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ കൊരട്ടി, വൈക്കം എന്നീ പള്ളികളിൽ സഹവികാരിയായും ടി.വി. പുരം, പാലൂത്തറ, ഉല്ലല, സെഹിയോൻപുരം, വളമംഗലം, നടുവട്ടം, ഐമുറി, മാമ്പ്ര, കുറ്റിപ്പുഴ, തിരുമുടിക്കുന്ന്, ആമ്പല്ലൂർ, കോടുശ്ശേരി, കൂടാലപ്പാട്, മറ്റൂർ ടൗൺ, പീച്ചാനിക്കാട് എന്നിവിടങ്ങളിൽ വികാരിയായും എളവൂർ യാനം ആരാധനമഠത്തിൽ ചാപ്ലിൻ ആയും മാത്യു അച്ചൻ സേവനം

ചെയ്തിട്ടുണ്ട്. വിവിധ ഇടവകകളിലെ അജപാലനശുശ്രൂഷകൾക്കുശേഷം എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹുമാനപ്പെട്ട മാത്യു മംഗലത്ത് അച്ചൻ വാർദ്ധക്യ സഹജമായ അസുഖങ്ങളാൽ 79-ാം വയസ്സിൽ 2025 സെപ്റ്റംബർ 1-ാം തീയതി നിത്യസമ്മാനത്തിനായി  വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട മാത്യു മംഗലത്ത് അച്ചന്റെ മൃതദേഹം സെപ്റ്റംബർ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 7.30-ന് എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ പൊതുദർശനത്തിനു വച്ചു. മൃതസംസ്ക്കാര ശുശ്രുഷയുടെ ആദ്യ ഭാഗം തൈക്കാട്ടുശ്ശേരി പള്ളി വികാരി ബഹു. വർഗീസ് പൈനുങ്കൽ അച്ചൻ നടത്തി. തുടർന്ന്, ഉച്ചക്ക് 12.00 മണി വരെ സ്രാമ്പിക്കലിൽ, സഹോദരൻ തങ്കച്ചന്റെ ഭവനത്തിൽ പൊതുദർശനത്തിനുവച്ചു. മൃതസംസ്ക്കാരത്തിന്റെ രണ്ടാം ഭാഗം ബ. മാത്യു അച്ചന്റെ സഹോദരീപുത്രനായ ബഹുമാനപ്പെട്ട തോമസ് ചില്ലയ്ക്കൽ അച്ചൻ കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് ബഹുമാനപ്പെട്ട മാത്യു മംഗലത്ത് അച്ചന്റെ മൃതദേഹസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. അച്ചന്റെ ഇടവകാംഗവും വികാരി ജനറാളുമായ പെ. ബഹുമാനപ്പെട്ട ജോസ് പുതിയേടത്ത് അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചത്. ബ. തോമസ് ചില്ലയ്ക്കൽ അച്ചൻ, പള്ളിപ്പുറം ഫൊറോനാ പള്ളി വികാരി പെ. ബ. പീറ്റർ കണ്ണമ്പുഴ അച്ചൻ, മാത്യു അച്ചന്റെ ബന്ധു ബ. ആന്റണി മംഗലത്ത് അച്ചൻ, സ്രാമ്പിക്കൽ ഇടവക വികാരി ബ. വിനോദ് പ്ലായ്ക്കൽ HGN അച്ചനും സഹകാർമികർ ആയിരുന്നു.

സുവിശേഷവായനയ്ക്കുശേഷം ബ. തോമസ് ചില്ലയ്ക്കൽ അച്ചൻ സുവിശേഷഗ്രന്ഥം മുത്തിച്ചു. മംഗലത്ത് അച്ചന്റെ സഹവികാരിയായി ശുശ്രൂഷ ചെയ്തിട്ടുള്ള ബ. ജെയിംസ് തുരുത്തിക്കര അച്ചനാണ് കുർബാനമദ്ധ്യേ സന്ദേശം നൽകിയത്. മംഗലത്ത് അച്ചനെക്കുറിച്ചുള്ള ഓർമ്മകളിൽ എപ്പോഴും സന്തോഷവും അഭിമാനവുമാണ് തനിക്ക് അനുഭവിക്കാൻ സാധിക്കുന്നതെന്ന് തുരുത്തിക്കരയച്ചൻ പറഞ്ഞു. 11 മാസം മംഗലത്ത് അച്ചന്റെ കൊച്ചച്ചനായതിൽ താൻ ഒത്തിരി അഭിമാനിക്കുന്നുവെന്ന് അച്ചൻ പറഞ്ഞു. പൗരോഹിത്യത്തെ സ്നേഹിച്ചിരുന്ന വ്യക്തിയാണ് മംഗലത്ത് അച്ചൻ. അച്ചന്റെ മനുഷ്യത്വവും, ആർദ്രതയും, വ്യത്യസ്തമായ ജീവിതശൈലിയും, ആദർശനിഷ്ഠയും എല്ലാവരെയും ആകർഷിച്ചിരുന്നു. ആരെയും വേദനിപ്പിക്കരുതെന്നും മുറിപ്പെടുത്തരുതെന്നും അച്ചനു നിർബന്ധമുണ്ടായിരുന്നു. പൊട്ടിച്ചിരിപ്പിക്കുന്ന നിഷ്കളങ്കമായ തമാശകൾ പറഞ്ഞിരുന്ന വ്യക്തിയാണ് മംഗലത്ത് അച്ചൻ. ആഹാരത്തിന്റെ കാര്യത്തിലും, താമസസൗകര്യത്തിന്റെ കാര്യത്തിലും, രോഗാവസ്ഥയിലും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ അച്ചൻ ആഗ്രഹിച്ചിരുന്നില്ല. അച്ചൻ പൗരോഹിത്യവസ്ത്രത്തെ ആനുകൂല്യമായിട്ടല്ല ഉത്തരവാദിത്വമായിട്ടാണ് കരുതിയിരുന്നത്. അച്ചൻ എപ്പോഴും ളോഹ ധരിച്ച് സാധാ

രണക്കാരുടെകൂടെ ബസിലാണ് യാത്രചെയ്തിരുന്നത്. ഏതെങ്കിലും പ്രശ്നങ്ങളുടെ പേരിൽ ഒറ്റപ്പെട്ട് കഴിയുന്ന വൈദികരെ സന്ദർശിക്കുവാനും അച്ചൻ എപ്പോഴും ശ്രദ്ധിക്കുമായിരുന്നു. അവരെ മനസ്സിലാക്കാനും, ആശ്വസിപ്പിക്കാനും തിരുത്താനും അച്ചൻ പരിശ്രമിച്ചിരുന്നു. അച്ചൻ ഒരു എഴുത്തുകാരനായിരുന്നു. അച്ചന്റെ തൂലികാനാമം 'എം.എം. വാരിയർ' എന്നായിരുന്നു. വാരിയർ ജാതിപേരല്ല മറിച്ച് 'പോരാളി' എന്ന വാക്കിന്റെ ഇംഗ്ലീഷ് പദമാണ്. "പോരാടുക, പൊരുതുക, മനുഷ്യത്വം നഷ്ടപ്പെടുത്താതിരിക്കുക" എന്നതാണ് അച്ചന്റെ ജീവിതം നമുക്ക് നൽകുന്ന സന്ദേശമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ബ. ജെയിംസ് തുരുത്തിക്കരയച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

മൃതദേഹസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു. സഹകാർമികരായി അഭിവന്ദ്യ തോമസ് ചക്യത്ത്, അഭിവന്ദ്യ എഫ്രേം നരികുളം എന്നീ പിതാക്കന്മാരും ഉണ്ടായിരുന്നു. ബ. മാത്യു മംഗലത്ത് അച്ചന്റെ മാതൃകാപരമായ ജീവിതം അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് അനുസ്മരിച്ചു. പ്രിയപ്പെട്ട മാത്യു മംഗലത്ത് അച്ചാ, അങ്ങു നൽകിയ മനുഷ്യത്വം നിറഞ്ഞതും ആർദ്രതയും സ്നേഹവും ചാലിച്ച ജീവിത മാതൃകയ്ക്കു മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!!!

## ഫാ. ആന്റണി ഊരക്കാടൻ



**ജനനം: 11/08/1933**
**തിരുപ്പട്ടം: 11/03/1961**
**മരണം: 06/09/2025**

ബഹുമാനപ്പെട്ട ആന്റണി ഊരക്കാടൻ അച്ചൻ 1933 ആഗസ്റ്റ് 11-ാം തീയതി മലയാറ്റൂർ ഇടവകയിൽ ഊരക്കാടൻ ചാക്കുണ്ണി-ത്രേസ്യാമ്മ ദമ്പതികളുടെ എട്ട് മക്കളിൽ ഒരാളായി ജനിച്ചു. കൊച്ചുപൗലോ, തോമസ്, ദേവസിക്കുട്ടി, ജോർജ്, ഏല്യാക്കുട്ടി, മറിയക്കുട്ടി, സി. ആഗ്നസ് എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, മംഗലപ്പുഴ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് വൈദികപരിശീലനം പൂർത്തിയാക്കി 1961 മാർച്ച് 11-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ അങ്കമാലി പള്ളിയിൽ സഹവികാരിയായും പെരുമ്പാവൂർ, കൂടാലപ്പാട്, പുല്ലുവഴി, ചാത്തമ്മ, തുണ്ടത്തുംകടവ്, വരാപ്പുഴ, പാണാവള്ളി, കുമ്പളം, പനങ്ങാട്, ഉദയംപേരൂർ, ഓർശ്ലേം, താന്നിപ്പുഴ, കൈപ്പട്ടൂർ, മള്ളുശ്ശേരി, പൊതി, പൂണിത്തുറ, ആനപ്പാറ, ചൊവ്വര, നോർത്ത് ചമ്പന്നൂർ, കരിപ്പാശ്ശേരി എന്നിവിടങ്ങളിൽ വികാരിയായും ഊരക്കാടൻ അച്ചൻ സേവനം ചെയ്തിട്ടുണ്ട്. വിവിധ ഇടവകകളിലെ അജപാലനശുശ്രൂഷകൾക്കുശേഷം ചെങ്ങൽ പ്രീസ്റ്റ്സ് ഹോമിലും, പിന്നീട്, എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിലും വിശ്രമജീവിതം നയിച്ചുവരികയായിരുന്നു ആന്റണി ഊരക്കാടൻ അച്ചൻ. വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 92-ാം വയസ്സിൽ 2025 സെപ്റ്റംബർ 6-ാം തീയതി രാവിലെ നിത്യസമ്മാനത്തിനായി അച്ചൻ വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ആന്റണി ഊരക്കാടൻ അച്ചന്റെ മൃതദേഹം സെപ്റ്റംബർ 8-ാം തീയതി തിങ്കളാഴ്ച രാവിലെ 7.30 മുതൽ 8.00 മണി വരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ പൊതുദർശനത്തിനു വച്ചു. മൃതസംസ്ക്കാര ശുശ്രുഷയുടെ ആദ്യഭാഗം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു. തുടർന്ന്, ഉച്ചയ്ക്ക് 12.00 മണിവരെ മലയാറ്റൂരിൽ ഊരക്കാടൻ അച്ചന്റെ സഹോദരപുത്രനായ ബെന്നിയുടെ ഭവനത്തിൽ പൊതുദർശനത്തിനുവച്ചു. മൃതദേഹസംസ്കാരത്തിന്റെ രണ്ടാംഭാഗം മലയാറ്റൂർ സെന്റ് തോമസ് പള്ളി വികാരി ബഹുമാനപ്പെട്ട ജോസ് ഒഴലക്കാട്ട് അച്ചന്റെ കാർമികത്വത്തിൽ നടന്നു.

ഉച്ചകഴിഞ്ഞ് 2.30-ന് മൃതദേഹസംസ്കാരശുശ്രൂഷയുടെ മൂന്നാംഭാഗം ആരംഭിച്ചു. വികാരി ജനറാൾ പെ. ബ. ആന്റോ ചേരാംതുരുത്തി അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചത്. ഊരക്കാടൻ അച്ചന്റെ സഹോദരപുത്രനായ ബ. സെബാസ്റ്റ്യൻ ഊരക്കാടൻ അച്ചനും, ബ. സെബാസ്റ്റ്യൻ തളിയൻ, ഇടവകാംഗങ്ങളായ ബ. പോൾ മനയമ്പിള്ളി, ബ. ടോമി കണ്ടത്തിൽ എന്നീ അച്ചന്മാരും സഹകാർമികരായിരുന്നു. സുവിശേഷവായനയ്ക്കുശേഷം സഹോദരപുത്രനായ സെബാസ്റ്റ്യൻ ഊരക്കാടൻ അച്ചൻ ആന്റണി അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചു. ബഹുമാനപ്പെട്ട വർഗീസ് പുളിക്കൽ അച്ചനാണ് കുർബാന മദ്ധ്യേ സന്ദേശം നൽകിയത്. പൗരോഹിത്യം സന്തോഷത്തോടും സംതൃപ്തിയോടുംകൂടെ ജീവിച്ച വ്യക്തിയാണ് ഊരക്കാടൻ അച്ചൻ എന്ന് വർഗീസ് അച്ചൻ അനുസ്മരിച്ചു. ആന്റണി അച്ചനെ ഒറ്റവാക്കിൽ 'ശാന്തനായ മനുഷ്യൻ' എന്നു വിശേഷിപ്പിക്കാം എന്ന് അദ്ദേഹം പറഞ്ഞു. എല്ലാവരെയും

ചേർത്തു പിടിക്കുന്ന വ്യക്തിയായിരുന്നു ആന്റണി അച്ചൻ. പൗരോഹിത്യത്തിന്റെ നന്മയും വിശുദ്ധിയും മനസ്സിലാക്കുവാൻ അച്ചന്റെ ജീവിതം ധ്യാനിച്ചാൽ മതി. കാഴ്ചയിൽ സാധാരണ വ്യക്തിയാണെങ്കിലും, നൂതനമായ സാങ്കേതിക കാര്യങ്ങളിൽ അറിവും പ്രാഗൽഭ്യവും ആന്റണി അച്ചനുണ്ടായിരുന്നു. യാക്കോബ് 1:19 "എന്റെ പ്രിയ സഹോദരരേ, ഓർമിക്കുവിൻ, നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരും ആയിരിക്കണം" എന്ന വചനം അച്ചന്റെ ജീവിതശൈലിയുമായി ചേർന്നുപോകുന്നതാണ്. പൂണിത്തുറ ദേവാലയം അച്ചന്റെ നേതൃത്വത്തിലാണ് നിർമ്മിച്ചത്. അവിടെയെല്ലാം എല്ലാ കാര്യങ്ങളും ശാന്തതയോടെയാണ് അച്ചൻ കൈകാര്യം ചെയ്തത്. എളിമയും ലാളിത്യവും നിറഞ്ഞ അച്ചന്റെ അജപാലന ശുശ്രൂഷയെ അനുസ്മരിച്ചുകൊണ്ടാണ് വർഗീസ് പുളിക്കൽ അച്ചൻ പ്രസംഗം അവസാനിപ്പിച്ചത്.

മൃതദേഹസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യകാർമികത്വം വഹിച്ചു. മാർ തോമസ് ചക്യത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കന്മാർ സഹകാർമികരായിരുന്നു. ത്യാഗപൂർവം ഊരക്കാടൻ അച്ചൻ ചെയ്ത അജപാലനശുശ്രൂഷകൾ അഭിവന്ദ്യ പാംപ്ലാനി പിതാവ് ഓർത്തെടുത്തു. അച്ചന്റെ സ്വർഗയാത്രയിൽ നിത്യജീവനെപ്പറ്റി ചിന്തിക്കുവാൻ ആഹ്വാനം ചെയ്ത പിതാവ് സെമിത്തേരിയിലെ കർമങ്ങൾക്ക് നേതൃത്വം നൽകി. പ്രിയപ്പെട്ട ആന്റണി ഊരക്കാടനച്ചാ അങ്ങു നൽകിയ ലളിതവും ശാന്തവുമായ ജീവിതത്തിന്റെ മാതൃകയ്ക്കും സ്നേഹത്തിനും പ്രേഷിതതീക്ഷ്ണതയ്ക്കും മുൻപിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!!!

■

## റവ. സിസ്റ്റർ അമാൻസിയ FCC



എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

ജനനം : 09-03-1939

വ്രതവാഗ്ദാനം : 07-05-1964

മരണം : 31-08-2025

# Dept. of Archdiocesan Public Relations

**EKM/PRO/2025/11** **17-09-2025**

**മാർ തൂങ്കുഴി സഭയ്ക്കു പുതുദിശാബോധം പകർന്ന ഇടയശ്രേഷ്ഠൻ: എറണാകുളം-അങ്കമാലി അതിരൂപത**

കൊച്ചി: സവിശേഷമായ നേതൃശുശ്രൂഷയിലൂടെ സഭയ്ക്കും സമൂഹത്തിനും ക്രിസ്തുവിന്റെ ലാളിത്യവും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചുള്ള പുതുദിശാബോധവും പകർന്ന ഇടയശ്രേഷ്ഠനാണു കാലം ചെയ്ത ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴിയെന്ന് എറണാകുളം-അങ്കമാലി അതിരൂപത അനുസ്മരിച്ചു. അര നൂറ്റാണ്ടു പിന്നിട്ട പൗരോഹിത്യ ജീവിതത്തിലൂടെയും മൂന്നു രൂപതകളിലെ ഇടയശുശ്രൂഷകളിലൂടെയും മാർ തൂങ്കുഴി സുവിശേഷ സന്ദേശങ്ങളെ അനേകരിലേക്കെത്തിക്കുന്നതിനും ക്രിസ്തുസാക്ഷ്യം തെളിമ യോടെ പ്രകാശിപ്പിക്കുന്നതിലും ശ്രദ്ധിച്ചു. ആഴമാർന്ന ജീവിതാനുഭവങ്ങളും സ്നേഹാർദ്രമായ ജീവിതശൈലിയും സമന്വയിപ്പിച്ചു സഭാശുശ്രൂഷകളെ അദ്ദേഹം കൂടുതൽ മഹത്വപൂർണവും സ്വീകാര്യതയുമുള്ളതാക്കി. സഭയുടെ ദൗത്യങ്ങൾ ജീവിതഗന്ധിയും മനുഷ്യോന്മുഖവുമാകണമെന്നും കാലോ ചിതമായ പുതുക്കലുകൾ വേണമെന്നുമുള്ള ദർശനമാണ് മാർ തൂങ്കുഴിയുടെ ശുശ്രൂഷാജീവിതത്തെ വേറിട്ടു നിർത്തുന്നത്.

മാനന്തവാടി, താമരശേരി രൂപതകളിലും തൃശൂർ അതിരൂപതയിലും അദ്ദേഹ ത്തിന്റെ നേതൃശൈലി സഭയുടെ മാത്രമല്ല, സമൂഹത്തിന്റെയും മൂല്യനിർമിതി യ്ക്കും വളർച്ചയ്ക്കും പ്രചോദനമായിട്ടുണ്ട്. സേവനം ചെയ്ത രൂപതകൾ ക്കുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല മാർ തൂങ്കുഴിയുടെ ജീവിതം ചെലുത്തിയ സ്വാധീനം. കേരളസഭയ്ക്കാകെയും പുതുദിശാബോധം നൽകാനാവുന്ന ഇടപെടലുകൾ അദ്ദേഹം നടത്തി. പ്രവർത്തനരീതി കൊണ്ടും ചിന്താധാര കൊണ്ടും എന്നും എറണാകുളം-അങ്കമാലി അതിരൂപതയോട് സാമീപ്യം പുലർത്തിയ മാർ തൂങ്കുഴി, ഉറച്ച നിലപാടുകളുടെ പ്രവാചകധർമം സധൈര്യം ഏറ്റെടുത്തു ദൈവജനത്തിന് എന്നും നല്ല ഇടയനായിത്തീർന്നു.

മാർ തൂങ്കുഴിയുടെ നിര്യാണം സഭയ്ക്കും പ്രത്യേകമായി എറണാകുളം-അങ്ക മാലി അതിരൂപതക്കും തീരാനഷ്ടമാണ്. അദ്ദേഹം തന്റെ ശുശ്രൂഷാ ജീവിതത്തിൽ പുലർത്തിയ സവിശേഷതകൾ വർത്തമാനകാല സഭയ്ക്കും അതിന്റെ നല്ല നാളെകൾക്കും പ്രചോദനമാകും. കേരളസഭയ്ക്കു വിസ്മരി

ക്കാനാകാത്ത സംഭാവനകൾ നൽകിയ മാർ ജേക്കബ് തൂങ്കുഴിയുടെ സ്വർഗ പ്രാപ്തിയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരുടേയും വൈദികരുടെയും സമർപ്പിതരുടെയും വിശ്വാസികളുടെയും പ്രാർഥനകൾ നേരുന്നു.

ഫാ. പോൾ മേലേടത്ത്
P.R.O.

---

# വാർത്തകളും വിശേഷങ്ങളും

## ഭിന്നതകൾ വെടിഞ്ഞ് പരസ്പരബന്ധത്തിന്റെ പാലങ്ങൾ പണിയാൻ ആഹ്വാനം ചെയ്ത് ലിയോ പതിനാലാമൻ പാപ്പാ

യുദ്ധങ്ങളും സായുധസംഘർഷങ്ങളും നിറഞ്ഞ ഒരു ലോകത്ത്, ഭിന്നതയും ധ്രുവീകരണചിന്തകളും വളർത്തുന്നതിൽനിന്നകന്ന്, മതങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും പരസ്പരബന്ധത്തിന്റെ പാലങ്ങൾ പണിയാൻ ശ്രമിക്കണമെന്ന് ലിയോ പതിനാലാമൻ പാപ്പാ. Crux വാരികയുടെ പ്രവർത്തക എലീസ് ആൻ അലന് കഴിഞ്ഞ ദിവസം അനുവദിച്ച കൂടിക്കാഴ്ചയിൽ മറുപടി പറയവെ, ഗാസാ നേരിടുന്ന ഭീകരത, പരിശുദ്ധ സിംഹാസനവും ചൈനയുമായുള്ള ബന്ധം, സ്ത്രീകളുടെ പ്രാധാന്യം, ഭിന്നലിംഗക്കാർക്കുള്ള പരിഗണന, ചൂഷണങ്ങൾ, വത്തിക്കാന്റെ സാമ്പത്തികസ്ഥിതി, നിർമ്മിത ബുദ്ധിയും വ്യാജവാർത്തകളും തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ പാപ്പാ പങ്കുവച്ചു.

ഗാസായിലെ ജനങ്ങൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന ഭീകരമായ അവസ്ഥയിൽ നമുക്ക് നിസംഗത പുലരാനാകില്ലെന്ന് പാപ്പാ പ്രസ്താവിച്ചു. എന്നാൽ ഇതിനെ വംശഹത്യയെന്ന നിലയിൽ അന്നത്തെ സാഹചര്യത്തിൽ പരിശുദ്ധ സിംഹാസനം വ്യഖ്യാനിക്കുന്നില്ലെന്നും ഈ അഭിമുഖസംഭാഷണത്തിൽ പാപ്പാ പറഞ്ഞിരുന്നു. ഈ കൂടിക്കാഴ്ചയുടെ ചില വിവരങ്ങൾ പാപ്പായുടെ ജന്മദിനമായ സെപ്റ്റംബർ 14-ന് പെറുവിലെ പെൻഗ്വിൻ പ്രസാധകർ പുറത്തുവിട്ടിരുന്നു. സെപ്റ്റംബർ 18 വ്യാഴാഴ്ചയാണ് 'ലിയോ പതിനാലാമൻ, ആഗോള പൗരനും, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മിഷനറിയും' എന്ന പേരിൽ ഇതിന്റെ പൂർണ്ണരൂപമുള്ള ജീവചരിത്രപ്രസിദ്ധീകരണം പ്രസിദ്ധപ്പെടുത്തിയത്.

ചൈനയുമായുള്ള ബന്ധത്തിൽ, തനിക്ക് മുൻപുണ്ടായിരുന്ന പാപ്പാമാരും പരിശുദ്ധ സിംഹാസനവും പിന്തുടർന്നുപോന്നിരുന്ന ശൈലിയാകും താനും

തുടരുകയെന്ന് പാപ്പാ വ്യക്തമാക്കി. സ്ത്രീകൾക്ക് സമൂഹത്തിലും സഭയിലുമുള്ള പങ്കിനെപ്പറ്റി പ്രതിപാദിച്ചുകൊണ്ട്, ഇക്കാര്യത്തിൽ ഫ്രാൻസിസ് പാപ്പായുൾപ്പെടെയുള്ളവർ നാളിതുവരെ പിന്തുടർന്നുപോന്ന രീതിയിൽ അവർക്ക് നേതൃനിരയിൽ സ്ഥാനം നൽകുവാനുള്ള തീരുമാനങ്ങൾ ഉണ്ടാകുമെന്ന് പറഞ്ഞ പാപ്പാ, എന്നാൽ സ്ത്രീപൗരോഹിത്യം പോലെയുള്ള കാര്യങ്ങളിൽ സഭയുടെ ഉദ്ബോധനങ്ങളിൽ മാറ്റമുണ്ടാകില്ലെന്ന് വ്യക്തമാക്കി

**ആഗോള പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയല്ല, മറിച്ച് സുവിശേഷം പങ്കുവയ്ക്കുകയാണ് എന്റെ പ്രാഥമിക ലക്ഷ്യം: ലിയോ 14 -ാമൻ മാർപാപ്പ**

ആഗോള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനല്ല, മറിച്ച് സുവിശേഷം പങ്കുവയ്ക്കുന്നതിനാണ് താൻ മുൻഗണന നൽകുന്നതെന്ന് വ്യക്തമാക്കി ലിയോ 14-ാമൻ പാപ്പ. കത്തോലിക്ക സഭയുടെ തലവനെന്ന നിലയിൽ കത്തോലിക്കരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുകയും ലോകവുമായി സുവിശേഷം പങ്കിടുകയും ചെയ്യുകയാണ് തന്റെ പ്രാഥമിക ഉത്തരവാദിത്വമെന്ന് പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം നൽകിയ ആദ്യ ഔദ്യോഗിക ഇന്റർവ്യൂവിൽ ലിയോ പാപ്പ വ്യക്തമാക്കി.

**പരിശുദ്ധ മറിയത്തെ എല്ലാ ഗൾഫ് രാജ്യങ്ങളുടെയും പ്രത്യേക മധ്യസ്ഥയായി വത്തിക്കാൻ അംഗീകരിച്ചു**

ഔർ ലേഡി ഓഫ് അറേബ്യ എന്ന പേരിൽ എല്ലാ ഗൾഫ് രാജ്യങ്ങളുടെയും പ്രത്യേക മധ്യസ്ഥയായി പരിശുദ്ധ മറിയത്തെ വത്തിക്കാൻ അംഗീകരിച്ചു. കൂടാതെ, യു.എ.ഇ., ഒമാൻ, യെമൻ എന്നീ രാജ്യങ്ങളുടെ ചുമതല വഹിക്കുന്ന അപ്പസ്തോലിക്ക് വികാരിയേറ്റ് ഓഫ് സതേൺ അറേബ്യയുടെ പ്രത്യേക മധ്യസ്ഥരായി ശ്ലീഹൻമാരായ പത്രോസിനെയും പൗലോസിനെയും അംഗീകരിച്ചിട്ടുണ്ട്. ആരാധനയും കൂദാശകളുമായി ബന്ധപ്പെട്ട ഡിക്കാസ്റ്ററി, അപ്പസ്തോലിക്ക് വികാരിയേറ്റ് ഓഫ് സതേൺ അറേബ്യക്ക് വേണ്ടിയുള്ള പുതിയ ആരാധനക്രമ കലണ്ടറിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളത്. ഇറ്റാലിയൻ സ്വദേശിയായ ബിഷപ് പൗലോ മാർട്ടിനെല്ലിയാണ് അബുദാബി ആസ്ഥാനമായുള്ള വികാരിയേറ്റിന്റെ ചുമതല വഹിക്കുന്നത്. വികാരിയേറ്റിന്റെ പുതിയ കലണ്ടറിൽ നിരവധി പ്രാദേശിക വിശുദ്ധരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. റോമൻ ആരാധനമക്രമത്തിൽ നിന്ന് വ്യത്യസ്തമായി മാർച്ച്, ജൂൺ, നവംബർ മാസങ്ങളിലെ ആദ്യ വെള്ളിയാഴ്ചകൾ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും പ്രത്യേക പരിഹാരദിനങ്ങളായും ഡിക്കാസ്റ്ററി അംഗീകരിച്ചിട്ടുണ്ട്. പാരമ്പര്യമായി സഭയിൽ നിലിന്നിരുന്ന ഇത്തരം പ്രത്യേക

പരിഹാരദിനങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം വെള്ളിയാഴ്ച കളിലേക്കും നോമ്പുകാലത്തേക്കുമായി പരിമിതപ്പെടുത്തിയിരുന്നു

**അഗസ്റ്റീനിയൻ സഭയ്ക്ക് പുതിയ നേതൃത്വം: ഫാ. ജോസഫ് ഫാറൽ പുതിയ പ്രിയോർ ജനറൽ**

ലിയോ പതിനാലാമൻ പാപ്പാ കൂടി അംഗമായ അഗസ്റ്റീനിയൻ സഭയുടെ പുതിയ പ്രിയോർ ജനറലായി വടക്കേ അമേരിക്കയിൽനിന്നുള്ള ഫാ. ജോസഫ് ഫാറൽ തിരഞ്ഞെടുക്കപ്പെട്ടു. സെപ്റ്റംബർ 9 ഉച്ചകഴിഞ്ഞ് നടന്ന ഈ തിരഞ്ഞെടുപ്പിനെത്തുടർന്ന് നാളിതുവരെ സഭയെ നയിച്ച ഫാ. അലെഹാന്ദ്രോ മോറൽ ആന്റൺ സ്ഥാനമൊഴിഞ്ഞു. 750 വർഷങ്ങൾക്കപ്പുറം സ്ഥാപിക്കപ്പെട്ട അഗസ്റ്റീനിയൻ സഭയുടെ പുതിയ പ്രിയോർ ജനറലായി ഫാ. ജോസഫ് ഫാറൽ തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന 188-ാമത് ജനറൽ ചാപ്റ്ററിലാണ് വടക്കേ അമേരിക്കയിലെ പെൻസിൽ വാനിയയിൽ ജനിച്ച അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. ഈ സന്ന്യസ്തസഭയെ അടുത്ത ആറ് വർഷങ്ങളിലേക്ക് നയിക്കാനുള്ള ചുമതലയാണ് ഫാ. ഫാറലിന് നല്കപ്പെട്ടിരിക്കുന്നത്.

**തമിഴ്നാട്ടിലെ ആദ്യ കത്തോലിക്ക ഡിജിറ്റൽ ദിനപത്രം പുറത്തിറക്കി:**

തമിഴ്നാട് കത്തോലിക്ക സഭയുടെ ഔദ്യോഗിക വാരികയായ *'നാം വാഴ്വ്'* -ന്റെ സുവർണജൂബിലിയോടനുബന്ധിച്ചാണ് ആദ്യത്തെ പ്രതിദിന ഇ-പത്രം പുറത്തിറക്കിയത്. തമിഴ്നാട്ടിലെ കത്തോലിക്കരുടെ ദീർഘകാല സ്വപ്നമാണ് ഇതോടെ യാഥാർത്ഥ്യമായത്. നാല് പേജുള്ള പ്രതിദിന പതിപ്പിൽ വത്തിക്കാനിൽ നിന്നുള്ള അനുദിന വാർത്തകൾ, ഫ്രാൻസിസ് മാർപാപ്പയുടെ പ്രോഗ്രാമുകൾ, ഏഷ്യ, ഇന്ത്യ, തമിഴ്നാട് ബിഷപ്സ് കൗൺസിൽ എന്നിവിട ങ്ങളിൽ നിന്നുള്ള വാർത്തകളാണ് ഉൾപ്പെടുത്തുന്നത്. അതോടൊപ്പം പ്രാദേശിക-അന്തർദ്ദേശിയ തലങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ, അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള റിപ്പോർ ട്ടുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. രൂപതകളിൽ നടക്കുന്ന പ്രധാന സംഭവങ്ങളും ലോകം അറിയേണ്ട സഭാ പ്രവർത്തനങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും ദേവാലയങ്ങളുമായി ബന്ധപ്പെട്ട വാർത്തകളും ഈ ഇ-പത്ര ത്തിലൂടെ അറിയാൻ കഴിയും. നാം വാഴ്വ് പബ്ലിഷിംഗ് ബോർഡ് ചെയർമാൻ ബിഷപ് ലൂർദ് ആനന്ദ്, എഡിറ്റർ-ഇൻ-ചീഫ് ഫാ. രാജശേഖരൻ എന്നിവർ നേതൃത്വം നൽകുന്നു. 1975-ൽ സ്ഥാപിതമായ *'നാം വാഴ്വ്'* അഞ്ച് പതിറ്റാണ്ടായി തമിഴ്നാട്ടിലെ കത്തോലിക്കാ സമൂഹത്തിന്റെ ശബ്ദമാണ്.

# വിശ്വാസപരിശീലനകേന്ദ്രം

I. **വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 02 ഞായറാഴ്ച നടത്തപ്പെടുന്നു. സിലബസ്സിനെക്കുറിച്ചുള്ള** വിശദവിവരങ്ങൾ വചനദീപത്തിലും **Website: www.catechism ernakulam.com-ലും** ലഭ്യമാണ്.

II. **രണ്ടാം വർഷ ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സ്**

**2025–2026 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റെസിഡൻഷ്യൽ കോഴ്സിന്റെ I[st] Session 2025 ഒക്ടോബർ 1, 2 (ബുധൻ, വ്യാഴം) തീയതികളിൽ നടത്തുന്നു.** പങ്കെടുക്കുന്ന കുട്ടികൾ 1–ാം തീയതി **(ബുധനാഴ്ച്ച) രാവിലെ 9.00–ന്** എത്തിച്ചേരേണ്ടതാണ്. 2–ാം തീയതി **വ്യാഴാഴ്ച്ച 2 മണിക്ക്** തിരിച്ചു പോകാവുന്നതാണ്. **സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.** രണ്ടാം സെഷൻ 2026 ഏപ്രിൽ 11, 12 തീയതികളിൽ നടത്തുന്നു. ആദ്യ സെഷനിൽ പങ്കെടുത്ത കുട്ടികളാണ് ഇതിൽ പങ്കെടുക്കേണ്ടത്. **ഓരോ സെഷനും അവസാനിക്കുന്ന ദിവസം പരീക്ഷ ഉണ്ടായിരിക്കും.**

III. **ഡിപ്ലോമ രണ്ടാം വർഷ അദ്ധ്യാപകർക്കുള്ള പരിശീലനം**

ക്ലാസ്സ് XII–ൽ പുതിയ പുസ്തകം പഠിപ്പിക്കുന്ന **ചേർത്തല, ഇടപ്പള്ളി, എറണാകുളം, പറവൂർ, തൃപ്പൂണിത്തുറ, വൈക്കം** ഫൊറോനകളിലെ അദ്ധ്യാപകർക്കായുള്ള പരിശീലനം **ഒക്ടോബർ 2 വ്യാഴാഴ്ച്ച 2.00pm** മുതൽ **5.00pm** വരെ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

IV. **Teachers’ Zonal Convention - Kanjoor Zone**

2025 **ഒക്ടോബർ** 11-ാം **തിയതി** ശനിയാഴ്ച്ച **കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം** ഫൊറോനകളിലെ കാറ്റിക്കിസം അദ്ധ്യാപകരുടെ സോണൽ മീറ്റിംഗ് കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

V. **Teachers’ Zonal Convention - Ernakulam Zone**

2025 **ഒക്ടോബർ** 20-ാം **തിയതി** തിങ്കളാഴ്ച്ച **എറണാകുളം, ഇടപ്പള്ളി, കിഴക്കമ്പലം, പറവൂർ, തൃപ്പൂണിത്തുറ** ഫൊറോനകളിലെ കാറ്റിക്കിസം അദ്ധ്യാപകരുടെ സോണൽ മീറ്റിംഗ് **കളമശ്ശേരി രാജഗിരി സ്കൂൾ** ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു.

VI. **വിശ്വാസപരിശീലകരുടെ ദിനാഘോഷം:**

2025 നവംബർ 04-ാം തീയതി ചൊവ്വാഴ്ച്ച വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനമാണ്. ഇടവകകളിൽ നവംബർ 09-ാം തീയതി വിശ്വാസപരിശീലകരുടെ ദിനമായി ആഘോഷിക്കുന്നു. അദ്ധ്യാപകരെ ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

VII. 2025 **ഒക്ടോബർ മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

**ഒക്ടോബർ** 05 ഞായർ: എൻലൈറ്റ് - കറുകുറ്റി ഫൊറോന
**ഒക്ടോബർ** 12 ഞായർ: എലൈവ് - വൈക്കം ഫൊറോന
**ഒക്ടോബർ** 12 ഞായർ: എൻലൈറ്റ് - തൃപ്പൂണിത്തുറ ഫൊറോന
**ഒക്ടോബർ** 19 ഞായർ: എലൈവ് - കിഴക്കമ്പലം ഫൊറോന
**ഒക്ടോബർ** 19 ഞായർ: എൻലൈറ്റ് - വല്ലം ഫൊറോന

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

# ഫാമിലി അപ്പോസ്തലേറ്റ്

**Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)**
**Jeevalaya Family Park, Chengal,Kalady 683574.**
**Ph: 0484-2462607, 8281544111**

**Renewal Centre, Azad Road Kaloor, Ph: 0484-2533077**
**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

---

## ഒക്ടോബർ – നവംബർ 2025

### വിവാഹഒരുക്ക ധ്യാനം (MPR)

ഒക്ടോബർ 01–03 (കാലടി)
ഒക്ടോബർ 14–16 (കാലടി)
ഒക്ടോബർ 20–22 (കലൂർ)
ഒക്ടോബർ 28–30 (കാലടി)
നവംബർ 03–05 (കലൂർ)
നവംബർ 11–13 (കാലടി)
നവംബർ 25–27 (കാലടി)

NB : വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**എം.സി.സി ധ്യാനം**

സെപ്റ്റംബർ 30-02 കറുകുറ്റി

ഒക്ടോബർ 01-02 കളമശ്ശേരി

**ബേബിഷൈൻ ധ്യാനം**

ഒക്ടോബർ 03-05

**സൺഷൈൻ ധ്യാനം (65 വയസ്സ് കഴിഞ്ഞ മുതിർന്ന ദമ്പതികൾക്ക്)**

ഒക്ടോബർ 10-12

**വിധവാ ധ്യാനം** (Contact Number -9400929111)

ഒക്ടോബർ 19-21

**വിവാഹോത്സവ് 2025**

വിവാഹത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അതിരൂപത അനുമോദിക്കുന്ന ഫൊറോനതല വിവാഹോത്സവ് ഒക്ടോബർ മാസത്തിൽ നടക്കുന്ന ഫൊറോനകൾ.

(1975, 2000 വർഷങ്ങളിൽ വിവാഹിതരായ ദമ്പതികളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ!)

**ഫൊറോനതല വിവാഹോത്സവ് തീയതികൾ:**

| | |
|---|---|
| **ഒക്ടോബർ 04** | **കാഞ്ഞൂർ** (കൈപ്ര ക്രിസ്തുരാജ പള്ളി) |
| | **വല്ലം** (അയ്മുറി തിരുഹൃദയ പള്ളി) |
| | **മഞ്ഞപ്ര** (മഞ്ഞപ്ര ഹോളി ക്രോസ് ഫൊറോന പള്ളി) |
| **ഒക്ടോബർ 11** | **എറണാകുളം** (പെരുമാനൂർ ലൂർദ്ദ് മാതാ പള്ളി) |
| | **കിഴക്കമ്പലം** (ചുണങ്ങംവേലി സെന്റ് ജോസഫ് പള്ളി) |
| **ഒക്ടോബർ 18** | **ഇടപ്പള്ളി** (കളമശ്ശേരി സെന്റ് ജോസഫ് പള്ളി) |
| | **പറവൂർ** (ആലങ്ങാട് സെന്റ് മേരീസ് പള്ളി) |
| **ഒക്ടോബർ 25** | **തൃപ്പൂണിത്തുറ** (സെന്റ് മേരീസ് ഫൊറോന പള്ളി) |
| | **വൈക്കം** (ഇടയാഴം സെന്റ് ജോസഫ് പള്ളി) |

**അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :**

- ഹോം മിഷൻ
- ഇടവക ധ്യാനം
- വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/ അർദ്ധദിന സെമിനാർ

- സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം)
- വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ
- യുവജന, കൗമാരം വ്യക്തിത്വ വികസന സെമിനാർ
- അമ്മമാർക്ക് സെമിനാർ
- പിതാക്കന്മാർക്ക് സെമിനാർ
- മുതിർന്ന പൗരൻമാർക്ക് സെമിനാർ
- ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ

പരിപാടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാൻ ജീവാലയ ഫാമിലി പാർക്കുമായി ബന്ധപ്പെടുക (0484-2462607, 8281544111, 8078334522)

**നന്ദി**

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഫൊറോന ഡയറക്ടർമാരായി സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന ഫാ. ആന്റണി പുതിയപറമ്പിൽ (അങ്കമാലി), ഫാ. ഡൊമിനിക് കാച്ചപ്പിള്ളി (ചേർത്തല), ഫാ. പോൾ ചുള്ളി (പറവൂർ), ഫാ. ഹോർമിസ് മരോട്ടിക്കുടി (തൃപ്പൂണ്ണിത്തുറ), ഫാ. ബെന്നി പാറേക്കാട്ടിൽ (വല്ലം) എന്നിവർക്ക് ഹൃദ്യമായ നന്ദി.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs for October 2025**

- Kickstart your journey in Dubai—Applications open for January 2026 intake.
- Study in Lithuania with world class education at affordable tuition fees.
- Applications are now open for the January 2026 intake in European countries.
- New IELTS and NICE (Naipunnya International Communicative English) offline batches commence every Monday this October.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**October Programs**

- Italian (A1-A2) Offline batch starts October 1st.
- French (A1) Online batch starts October 6th.
- Admissions are now open for Civil Service Regular, Sunday, Evening and Foundation batches 2025-2026.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**October Programs**

1. **UGC NET /JRF** PAPER I & PAPER II –Offline Batch for 2025 DECEMBER exam. (Admissions now open for October batch)
2. **BANK** (IBPS, PO, CLERK, SO) –offline (New batch starts every Monday this October).
3. **SSC** (CGL, CHSL, MTS) –offline (New batch starts every Monday this October).
4. **CUET (**Common University Entrance Test) Online & Offline regular batches (Admissions are now open for October batch).
5. **RAILWAY RECRUITMENT BOARD**
   - Graduate level (New batch starts every Monday this October).
   - Undergraduate level (New batch starts every Monday this October).
6. **C MAT, K-MAT** Offline (Admissions are now open for October batch).
7. **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this October.
8. **LAW ENTRANCE** CLAT, KLEE, CUSAT –CAT-LLB (Online) Admissions are now open for October batch.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- IELTS, PTE & NICE (Naipunnya International Communicative English) New Offline batches commence every Monday this October. Reserve your seat and get started!

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**Fr. Saje Kannaparamban**
**Director**

## വാർത്തകൾ

വിലങ്ങാട് ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് അതിരൂപതയുടെ നേതൃത്വത്തിൽ നിർമിച്ചു നൽകുന്ന ഭവനങ്ങളുടെ ശിലാസ്ഥാപനം നടത്തി. വിലങ്ങാട് 7 വീടുകളും വയനാട് 7 വീടുകളുമാണ് നിർമിക്കുന്നത്.

സഹൃദയ, ന്യൂറോ ഡൈവർജന്റ് ആയ വ്യക്തികൾക്ക് ഐ.ടി. തൊഴിൽ പരിശീലനം നൽകുന്ന ഇൻക്ലൂസിസ് പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ സ്കൂളുകളിലെ ഡിജിറ്റൽ എജ്യുക്കേഷൻ പരിപാടിയുടെ കോട്ടയം ജില്ലാ തല ഉദ്ഘാടനം ഏറ്റുമാനൂർ അതിരമ്പുഴ അനുഗ്രഹ സ്പെഷ്യൽ സ്കൂളിൽ നടത്തി.

സഹൃദയ, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ട്രാൻസ് ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന മാരിവിൽ ട്രാൻസ് ജെൻഡർ ക്ലിനിക്കിന്റെ ആഭിമുഖ്യത്തിൽ ചമ്പക്കര പള്ളി ഹാളിൽ ഓണാഘോഷം സംഘടിപ്പിച്ചു.

ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ ഒഴിവാക്കിയും കുരുത്തോല, ചിരട്ട, ഇലകൾ, പൂവുകൾ, കടലാസ് എന്നിവ അലങ്കാരവസ്തുക്കളായി ഉപയോഗിച്ചും സഹൃദയയിൽ സ്റ്റാഫംഗങ്ങൾ പ്രകൃതി സൗഹൃദ ഓണാഘോഷം സംഘടിപ്പിച്ചു.

സഹൃദയയുടെ നേതൃത്വത്തിലുള്ള മിത്രം മാനസികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പൊന്നരുന്നി ക്രൈസ്റ്റ് കിംഗ് കോൺവെന്റ് ഹൈസ്കൂളിന്റെ സഹകരണത്തോടെ ആത്മഹത്യാ പ്രതിരോധദിന സന്ദേശവുമായി സൈക്കിൾ റാലി സംഘടിപ്പിച്ചു.

മിത്രം മനസികാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എൽഡേഴ്സ് ഫോറത്തിന്റെ സഹകരണത്തോടെ അൽഷിമേഴ്സ് ദിനാചരണം സംഘടിപ്പിച്ചു.

സ്നേഹ മെന്റൽ ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി പൊന്നുരുന്നി ഓഫീസിൽ സെപ്റ്റംബർ 10 നും, ചേർത്തല ഓഫീസിൽ 11 നും, അങ്കമാലി, പറവൂർ എന്നിവിടങ്ങളിൽ 12 നും മെഡിസിൻ വിതരണം ചെയ്തു.

ഫെഡറൽ ബാങ്ക് മറൈൻഡ്രൈവ് ബ്രാഞ്ചും സഹൃദയ വെസ്കോ ക്രെഡിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 45 സംഘങ്ങളിലെ 250 അംഗങ്ങൾക്ക് സ്വയംതൊഴിൽ വായ്പയായി സെപ്റ്റംബർ മാസത്തിൽ 1,69,95,000/- രൂപ വിതരണം ചെയ്തു.

സഹൃദയ പുതിയതായി രൂപീകരിച്ച 112 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലെ 526 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി, 3,56,36,000/ രൂപ ലോൺ നൽകി.

## അറിയിപ്പുകൾ

ഒക്ടോബർ 01 വയോജനദിനാചരണം
ഒക്ടോബർ 10 മാനസികാരോഗ്യദിനാചരണം
ഒക്ടോബർ 11 സഹൃദയ വജ്രജൂബിലി സമാപനം
ഒക്ടോബർ 16 ഭക്ഷ്യദിനാചരണം
ഒക്ടോബർ 29 ആയുർവേദ ദിനാചരണം

## വയനാട് പുനരധിവാസ പദ്ധതി

വയനാട് ദുരന്തബാധിതർക്കായി എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവകകളുടെയും നിന്നും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സഹൃദയ വഴി നടപ്പാക്കുന്ന പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിലങ്ങാട് ദുരന്തബാധിതർക്ക് താമരശേരി രൂപതയുമായി സഹകരിച്ച് 7 ഭവനങ്ങളും വയനാട് ദുരിതബാധിതർക്ക് മാനന്തവാടി രൂപതയുമായി സഹകരിച്ച് 7 വീടുകളുമാണ് നാം നിർമിച്ചു നൽകുന്നത്. ഭവനങ്ങൾ കൂടാതെ ഇവർക്കായി ജീവനോപാധി വികസന പദ്ധതിയും നടപ്പാക്കുന്നുണ്ട്. പദ്ധതികൾ ഡിസംബർ മാസത്തോടെ പൂർത്തിയാകും.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

### ബോർഡ് മീറ്റിംഗുകൾ

| | | |
|---|---|---|
| സെപ്റ്റംബർ 12 | 1. നിവേദിത, ചുണങ്ങംവേലി<br>2. മാർ ലൂയിസ് ബുക്ക് സെന്റർ |
| സെപ്റ്റംബർ 18 | 1. ഭാരത മാതാ കോളേജ് എഡ്യൂക്കേഷണൽ ട്രസ്റ്റ് (നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര)<br>2. വെൽഫെയർ സർവ്വീസസ്, എറണാകുളം |
| സെപ്റ്റംബർ 19 | 1. കാർഡിനൽ പാറേക്കാട്ടിൽ മെമ്മോറിയൽ റിന്യൂവൽ സെന്റർ, കലൂർ<br>2. സേക്രഡ് ഹാർട്ട് മൈനർ സെമിനാരി |
| സെപ്റ്റംബർ 22 | എറണാകുളം ആർച്ച്ഡയോസിയൻ പബ്ലിക്കേഷൻ ട്രസ്റ്റ് (വിയാനി പ്രിന്റിംഗ്സ് ) |
| സെപ്റ്റംബർ 24 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| സെപ്റ്റംബർ 26 | എറണാകുളം ആർച്ച്ഡയോസിയൻ പബ്ലിക്കേഷൻ ട്രസ്റ്റ് (സത്യദീപം പബ്ലിക്കേഷൻസ്) |

### സൈറ്റ് വിസിറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്

| | |
|---|---|
| ഓഗസ്റ്റ് 27 | കാർഡിനൽ സ്കൂൾ, തൃക്കാക്കര |
| ഓഗസ്റ്റ് 28 | സെന്റ് ഫ്രാൻസിസ് അസ്സീസ്സി ചർച്ച്, ആമ്പല്ലൂർ |
| ഓഗസ്റ്റ് 29 | 1. സെന്റ് മേരീസ് ചർച്ച്, പീച്ചാനിക്കാട്<br>2. സെന്റ് മേരീസ് ചർച്ച്, മള്ളുശ്ശേരി |
| ഓഗസ്റ്റ് 30 | സേക്രഡ് ഹാർട്ട് ചർച്ച്, കീഴ്മാട് |
| സെപ്റ്റംബർ 01 | 1. നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര<br>2. മാക്സ് മില്യൻ കോൾബെ ചർച്ച്, പാലച്ചുവട് |
| സെപ്റ്റംബർ 04 | ആലുവ സെന്റ് ഡോമിനിക് ചർച്ച് കമ്മിറ്റി മീറ്റിംഗ് |
| സെപ്റ്റംബർ 08 | നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര |
| സെപ്റ്റംബർ 10 | 1. ഷോപ്പിംഗ് കോംപ്ലക്സ്, ആലുവ<br>2. ഭാരത മാതാ കോളേജ്, തൃക്കാക്കര |
| സെപ്റ്റംബർ 11 | കാർഡിനൽ സ്കൂൾ മീറ്റിംഗ് |
| സെപ്റ്റംബർ 16 | ആലുവ സെന്റ് ഡോമിനിക് ചർച്ച് കമ്മിറ്റി മീറ്റിംഗ് |
| സെപ്റ്റംബർ 18 | കളമശ്ശേരി ഷോപ്പിംഗ് കോംപ്ലക്സ് |
| സെപ്റ്റംബർ 20 | നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര |
| സെപ്റ്റംബർ 22 | 1. ഭാരത മാതാ കോളേജ്, തൃക്കാക്കര<br>2. വെൽഫെയർ സർവ്വീസസ്, എറണാകുളം |

# അതിരൂപതാ ഡയറി

## ആഗസ്റ്റ് 2025

31 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, നവീകരിച്ച മുട്ടത്തിപറമ്പ് സെന്റ് ആന്റണീസ് പള്ളിയുടെ കൂദാശാ കർമ്മം നടത്തി.

## സെപ്റ്റംബർ 2025

1 റാഫേൽ തട്ടിൽ പിതാവ്, പൊങ്ങം നൈപുണ്യ കോളേജിൽ നടന്ന അതിരൂപത വൈദികരുടെ വാർഷിക ധ്യാനത്തിൽ (അഞ്ചാം ബാച്ച്) ആമുഖപ്രഭാഷണം നടത്തി.

2 നിര്യാതനായ ബഹുമാനപ്പെട്ട മാത്യു മംഗലത്ത് അച്ചന്റെ മൃത ദേഹസംസ്കാര ശുശ്രൂഷയ്ക്ക് (സ്രാമ്പിക്കൽ) അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നേതൃത്വം കൊടുത്തു.

5 അതിരൂപതാ സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട ആന്റോ ചേരാം തുരുത്തിയച്ചന്റെ വന്ദ്യമാതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് (കൊറ്റമം പള്ളി) അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നേതൃത്വം നൽകി.

7 ഇടവകകളിൽ വന്ന് കുട്ടികൾക്ക് വിശ്വാസപരിശീലനം നൽകി വരുന്ന ബ്രദേഴ്സിന്റെ യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. യോഗത്തിൽ ജോസഫ് പാംപ്ലാനി പിതാവ് ആദ്ധ്യക്ഷ്യം വഹിച്ചു.

8 നിര്യാതനായ ബഹുമാനപ്പെട്ട ആന്റണി ഊരക്കാടനച്ചന്റെ മൃത ദേഹസംസ്കാര ശുശ്രൂഷയുടെ (മലയാറ്റൂർ) അവസാന ഭാഗത്തെ കർമ്മങ്ങൾക്ക് ജോസഫ് പാംപ്ലാനി പിതാവ് നേതൃത്വം നൽകി.

16 ജോസഫ് പാംപ്ലാനി പിതാവ്, എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ നടന്ന അതിരൂപത വൈദികരുടെ വാർഷിക ധ്യാനത്തിൽ (ആറാം ബാച്ച്) ആമുഖപ്രഭാഷണം നടത്തുകയും അച്ചന്മാരെ വ്യക്തിപരമായി കണ്ടു സംസാരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് താമരച്ചാൽപുരം തിരുഹൃദയ ദേവാലയത്തിൽ മാമ്മോദീസ നടത്തി.

17 രാവിലെ മേജർ ആർച്ചുബിഷപ്പ് ഹൗസിൽ നടന്ന അതിരൂപതാ ആലോചനാ സമിതിയുടെ യോഗത്തിലും, വൈദികസമിതിയോഗത്തിലും, വൈകിട്ട് നടന്ന ഫിനാൻസ് കൗൺസിൽ യോഗത്തിലും ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുത്തു.

* * * * *

## ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം

*വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 2002 ഒക്ടോബർ 16 -ന് പുറപ്പെടുവിച്ച 'റൊസാരിയും വിർജിനിസ് മരിയെ' (Rosarium Virginis Mariae) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ അടിസ്ഥാനത്തിൽ ജപമാല പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റിയുള്ള വിശദീകരണം.*

ക്രിസ്തുരഹസ്യത്തെക്കുറിച്ച് ചിന്തിക്കാനുള്ള പ്രതിജ്ഞാബദ്ധത വിശ്വാസികൾക്കിടയിൽ വളർത്തിയെടുക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗവും, ക്രിസ്തീയ ധ്യാനത്തിന്റെ ഏറ്റവും മികച്ചതും പ്രശംസനീയവുമായ പാരമ്പര്യങ്ങളിൽ ഒന്നുമാണ് ജപമാലപ്രാർത്ഥന എന്ന് മാർപാപ്പ വ്യക്തമാക്കുന്നു. ജപമാല സമാധാനത്തിനും കുടുംബങ്ങൾക്ക് വേണ്ടിയുമുള്ള ഒരു പ്രാർത്ഥനയാണെന്നും, കാൽവരിയിൽ വച്ച് മറിയത്തെ സ്വന്തം അമ്മയായി ഏറ്റെടുത്ത യോഹന്നാന്റെ മനോഭാവത്തോടെ ക്രൈസ്തവരെ മാതാവിനോട് ചേർത്ത് നിർത്തുന്ന ഒന്നാണെന്നും പറഞ്ഞതിനുശഷം, വിശുദ്ധിയുടെ വളർച്ചയിലേക്കുള്ള ഒരു യഥാർത്ഥ പാത ജപമാലയിൽ കണ്ടെത്തിയ വിശുദ്ധന്മാരെ മാർപാപ്പ അനുസ്മരിക്കുന്നു.

ഒന്നാം അദ്ധ്യായത്തിൽ, മറിയത്തോടോത്തുള്ള ഒരു ക്രിസ്തുധ്യാനമായി ജപമാലയെ അവതരിപ്പിക്കുന്നു. രൂപാന്തരീകരണ സമയത്ത് സൂര്യനെപ്പോലെ തിളങ്ങിയ ക്രിസ്തുവിന്റെ മുഖം പത്രോസ് യാക്കോബ് യോഹന്നാൻ എന്നീ ശിഷ്യന്മാർ ദർശിച്ചതിനെ ക്രൈസ്തവധ്യാനത്തിന്റെ പ്രതിബിംബമായി ചൂണ്ടിക്കാണിക്കുന്ന മാർപാപ്പ, രക്ഷാകര സംഭവങ്ങൾ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച മറിയത്തെ ഈ ധ്യാനത്തിന്റെ മാതൃകയായി കാണിക്കുന്നു. ജപമാല ഒരു ധ്യാനമാണെന്നും മറിയത്തിൽ നിന്നുള്ള ഒരു ക്രിസ്തുപഠനം ആണെന്നും മറിയത്തോടൊത്തുള്ള ഒരു ക്രിസ്തുഅനുസ്മരണവും ക്രിസ്തുവിനോടുള്ള അനുരൂപപ്പെടലും ക്രിസ്തുവിനോടുള്ള പ്രാർത്ഥനയും ക്രിസ്തുപ്രഘോഷണവുമാണെന്നും മാർപാപ്പ വിവരിക്കുന്നു.

രണ്ടാമദ്ധ്യായത്തിൽ, ക്രിസ്തുവിന്റെ രഹസ്യങ്ങൾ അവന്റെ അമ്മയുടെയും രഹസ്യങ്ങളാണെന്ന് സമർത്ഥിക്കുന്നു. ജപമാലയെ സുവിശേഷങ്ങളുടെ ഒരു സംക്ഷിപ്തരൂപമായി അവതരിപ്പിക്കുന്ന പാപ്പാ അതിന്റെ പൂർണ്ണതയ്ക്കായി പ്രകാശത്തിന്റെ രഹസ്യങ്ങളും ഈ പരമ്പരാഗത പ്രാർത്ഥനയോട് കൂട്ടിച്ചേർക്കുന്നു. നാല് ഗണം ദിവ്യരഹസ്യങ്ങളെക്കുറിച്ച് വിവരിക്കുകയും അതിന്റെ പ്രാധാന്യം വിശദമാക്കുകയും മാർപാപ്പ ചെയ്യുന്നുണ്ട്. യേശുവിന്റെ മനുഷ്യാവതാരവും രഹസ്യജീവിതവും സന്തോഷകരമായ ദിവ്യരഹസ്യങ്ങളിലും, പീഡാസഹനവും മരണവും ദുഃഖകരമായ ദിവ്യരഹസ്യങ്ങളിലും, ഉത്ഥാനവും സ്വർഗ്ഗാരോഹണവും മാതാവിന്റെ സ്വർഗ്ഗാരോപണവും മഹിമയുടെ രഹസ്യങ്ങളിലും അനുസ്മരിക്കുമ്പോൾ ക്രിസ്തുവിന്റെ പരസ്യജീവിതത്തിന്റെ

അനുസ്മരണംകൂടി വരുമ്പോഴാണ് യേശുജീവിതത്തിന്റെ ധ്യാനം പൂർണ്ണമാവുക എന്ന തിരിച്ചറിവിൽ നിന്നാണ് പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർക്കുന്നതെന്ന് മാർപാപ്പ പറയുന്നു. യേശുവിന്റെ പരസ്യജീവിതാരംഭ മായ മാമ്മോദീസായും ആദ്യമായി സ്വയം വെളിപ്പെടുത്തുന്ന കാനായിലെ അത്ഭുതവും പരസ്യജീവിതത്തിന്റെ ആകെത്തുകയായ ദൈവരാജ്യ പ്രഘോ ഷണവും തന്റെ ദൈവത്വം വെളിപ്പെടുത്തുന്ന താബോർ മലമുകളിലെ രൂപാന്തരീകരണവും പരസ്യജീവിതത്തിലെ അവസാനപ്രവൃത്തിയായ പരിശുദ്ധ കുർബ്ബാനയുടെ സ്ഥാപനവും പ്രകാശത്തിന്റെ രഹസ്യങ്ങളിൽ അനുസ്മരിക്കുന്നു. രഹസ്യങ്ങളിലൂടെ പരമ രഹസ്യത്തിലെത്തുക എന്നതാണ് മറിയത്തിന്റെ മാർഗ്ഗമെന്നും ക്രിസ്തുരഹസ്യങ്ങൾ മനുഷ്യന്റെ കൂടി രഹസ്യങ്ങളാണെന്നും മാർപാപ്പ സമർത്ഥിക്കുന്നു.

മൂന്നാമദ്ധ്യായത്തിൽ, ജപമാല പ്രാർത്ഥനയുടെ തനിമയും സവിശേഷതയും വളരെ വിശദമായി മാർപാപ്പ വിവരിക്കുന്നു. ജപമാല ക്രിസ്തുരഹസ്യങ്ങളെ സ്വാംശീകരിക്കുന്നതിനുള്ള ഓരു മാർഗ്ഗമാണെന്നും മനുഷ്യവ്യക്തിയുടെ മാനസികവും ശാരീരികവും ബൗദ്ധികവുമായ എല്ലാ സങ്കീർണ്ണ യാഥാർത്ഥ്യ ങ്ങളെയും ഉൾക്കൊള്ളുന്ന ഒരു പ്രാർത്ഥനയാണെന്നും പാപ്പാ പറയുന്നു. പരമ്പരാഗതപ്രാർത്ഥനകൾ ശ്വസനതാളവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണിക്കുന്ന പാപ്പാ, ജപമാലയും ഇതിനാലാണ് കൂടുതൽ പ്രിയങ്കരവും എളുപ്പവുമായിരിക്കുന്നതെന്ന് പറയുന്നു. ജപമാലപ്രാർത്ഥനയിൽ എപ്രകാര മാണ് ധ്യാനം നടക്കുന്നതെന്ന് തുടർന്ന് വിശദമാക്കുന്നു. ഓരോ ദിവ്യരഹസ്യ വും ഉച്ചത്തിൽ പറയുകയും അതിനോടനുബന്ധിച്ചുള്ള തിരുവചനഭാഗം അനുസ്മരിക്കുകയും നിശബ്ദതയിൽ ധ്യാനിക്കുകയും കർത്തൃപ്രാർത്ഥനയും നന്മനിറഞ്ഞ മറിയമേ എന്ന ജപവും ഉരുവിടുകയും ത്രിത്വസ്തുതി ചൊല്ലുക യും ചെയ്യുന്നതുവഴി ക്രിസ്തുരഹസ്യങ്ങളിലേക്ക് കൂടുതൽ ആഴപ്പെടുന്നു വെന്ന് മാർപാപ്പ വിശദീകരിക്കുന്നു.

ജപമണികളുടെ അർത്ഥവും മാർപാപ്പ പറയുന്നുണ്ട്. ക്രൂശിതരൂപത്തിൽ കേന്ദ്രീ കൃതമായി ക്രമീകരിക്കപ്പെട്ട ജപമണികൾ വിശ്വാസികളുടെ ജീവിതവും പ്രാർത്ഥനയും ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നും എല്ലാം അവനിൽ നിന്നാണ് ആരംഭിക്കുന്നതും എല്ലാം അവനിലേക്ക് നയിക്കുന്നതും എല്ലാം അവനിലൂടെ പിതാവിലേക്ക് എത്തിച്ചേരുന്നതുമാണെന്നും സൂചിപ്പിക്കുന്നു. ഒപ്പം, ഇത് നമ്മെ ദൈവത്തോട് ബന്ധിപ്പിക്കുന്ന മാലയാണെന്നും ക്രിസ്തുവിൽ നമ്മെ എല്ലാവരെയും ഒന്നിപ്പിക്കുന്ന കൂട്ടായ്മയുടെയും സാഹോദര്യ ത്തിന്റെയും ബന്ധങ്ങളെ ഓർമ്മിപ്പിക്കുന്നതാണെന്നും പറയുന്നു. വാഴ്ത്തപ്പെട്ട മറിയത്തിന്റെ ജപമാല ദൈവവുമായി നമ്മെ ബന്ധിപ്പിക്കുന്ന ഒരു മധുരശൃംഖല യാണെന്നും, സമാധാനം കൈവരിക്കുന്നതിനുള്ള ഉപാധിയാണെന്നും, കുടുംബത്തിന്റെയും കുടുംബത്തിനുവേണ്ടിയുള്ളതുമായ ഒരു പ്രാർത്ഥന യാണെന്നും, ആവർത്തിച്ച് കണ്ടെത്തേണ്ട നിധിയാണെന്നും വ്യക്തമാക്കി ക്കൊണ്ടാണ് മാർപാപ്പ ഈ അപ്പസ്തോലിക ലേഖനം അവസാനിപ്പിക്കുന്നത്.




അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്
പ്രാർത്ഥനയോടെ വിട

RNI No. 3421/57
Date of Publication: 01-10-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org